കേരള സർക്കാർ

# പായിപ്ര ഗ്രാമപഞ്ചായത്ത്

# 2018-19

# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

website : www.lfa.kerala.gov.in

e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റുചീട്ട് സഹിതം)

നം. കെ. എസ്.എ.ഇ.കെ.എം. (പി.8)1575/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in
തീയതി:07.12.2019/05.02.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പായിപ്ര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പായിപ്ര ഗ്രാമപഞ്ചായത്ത് – 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പായിപ്ര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

.

**ഡെപ്യൂട്ടി ഡയറക്ടർ**

<u>പകർപ്പ് :-</u>

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, എറണാകുളം
3. കാര്യാലയ പകർപ്പ്

നമ്പർ കെ.എസ്.എ.ഇ.കെ.എം.(പി.8) 1575/2019 തീയതി 07.12.2019

**<u>എറണാകുളം ജില്ലയിലെ പായിപ്ര ഗ്രാമപഞ്ചായത്തിന്റെ</u>**
**<u>2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള</u>**
**<u>ഓഡിറ്റ് റിപ്പോർട്ട്</u>**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട്
ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പായിപ്ര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2018 മുതൽ 31.03.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

**(എ) <u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി ജയ സി.ആർ., ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16.08.2019 മുതൽ 31.08.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. രതീഷ് സി ആർ, ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ശ്രീജ ഉണ്ണികൃഷ്ണൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ഷൈബി ഇ ഡി, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ഷിബു പൌലോസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ആലീസ് കെ. ഏലിയാസ് | 01.04.2018 മുതൽ 31.03.2019 വരെ |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| സെക്രട്ടറി | സുധീർ ബി. | 01.04.18 | 22.06.18 FN |
| | വി കെ സുബാഷ് | 22.06.18 A.N | 29.09.18 |
| | ശ്രീലത ജി., അസി.സെക്രട്ടറി (ഇൻ ചാർജ്) | 30.09.18 | 08.11.18 |
| | ഷാജിമോൻ കാവു | 09.11.18 | 31.03.19 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീലത ജി. | 01.04.18 | 18.11.2018 |
| | ബിജു ബേബി | 19.11.2018 | 31-03-19 |
| കൃഷി ഓഫീസർ | ലെൻസി തോമസ് | 01.04.18 | 31.03.19 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി സന്ധ്യ കൃഷ്ണൻ | 01.04.18 | 31.03.19 |
| മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി.) | ഡോ. അരുൺ ബി.ആർ. | 01.04.18 | 31.03.19 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ. ലാലി ജോൺ | 01.04.18 | 31.03.19 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.അൻസൽ അഷറഫ് പി എം | 01.04.18 | 31.03.2019 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ഷേബ പി.ബേബി | 01.04.2018 | 31.03.19 |
| വെറ്റിനറി സർജൻ | ഡോ. ലീനാ പോൾ | 01.04.18 | 31.03.19 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (പായിപ്ര) | ജിതിൻ കെ. മങ്ങാട്ട് | 01.04.18 | 31.03.19 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ( മുടവൂർ) | മായ കെ.വി. | 01.04.18 | 31.03.19 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ( മുളവൂർ) | ഷജീന മൊയ്തീൻ | 01.04.18 | 24.01.2019 |
| | സൌമ്യ ചെറിയാൻ | 25.01.2019 | 31.03.2019 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | സുസമ്മ സി ഡി | 01.04.18 | 16.07.18 |
| | രമ്യ രതീശൻ | 16.07.2018 | 12.11.18 |
| | ദർശിനി ഷിബു | 13.11.18 | 13.12.18 |
| | രമ്യ രതീശൻ | 14.12.18 | 31.03.19 |

**<u>ഉള്ളടക്കം</u>**

| ക്രമ നം. | ഖണ്ഡിക നമ്പർ | ഭാഗം – 1 |
|---|---|---|

| | | |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. |
| 4 | 1-4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേമെന്റ് അക്കൌണ്ട് പ്രകാരം) |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | ആഭ്യന്തര നിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ |
| 13 | 1-13 | വസ്തു നികുതി ഡിമാൻഡ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല. |
| 14 | 1-14 | സ്യൂട്ട് രജിസ്റ്റർ- അപാകതകൾ |
| 15 | 1-15 | നിയമാനുസൃത പെർമിറ്റ് ഫീസ് ഈടാക്കിയിട്ടില്ല |
| 16 | 1-16 | വ്യാപാര സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. |
| 17 | 1-17 | ഇ-ടെൻഡർ -ടെൻഡർ ഫീസ് ലഭിച്ചതിന്റെ വിശദാംശങ്ങൾ സംബന്ധിച്ച് |
| 18 | 1-18 | കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. |
| 19 | 1-19 | മിനി ടിപ്പർ- ലേലം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. |
| 20 | 1-20 | വീട് വാസയോഗ്യമാക്കൽ -ജനറൽ-അപാകതകൾ |
| 21 | 1-21 | വീട് വാസയോഗ്യമാക്കൽ-അനുവദിക്കുന്നത് പരിമിതമായ തുക |
| 22 | 1-22 | തുല്യതാപരീക്ഷയ്ക്ക് ഫീസ് നൽകൽ-രേഖകൾ ലഭ്യമല്ല |
| 23 | 1-23 | തെരുവു വിളക്കുകളുടെ റിപ്പയറിംഗ് – പദ്ധതി നിർവഹണത്തിലെ അപാകതകൾ |
| 24 | 1-24 | പ്രത്യേക ആവശ്യങ്ങൾക്ക് ലഭിച്ച ഗ്രാന്റുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നത് – സംബന്ധിച്ച് |
| 25 | 1-25 | കാലി ബാരൽ വില ഈടാക്കാത്തതു സംബന്ധിച്ച് |
| 26 | 1-26 | ലോഗ്ബുക്ക് പരിപാലനത്തിലെ അപാകതകൾ |
| 27 | 1-27 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ്-ആനുകൂല്യം മുഴുവൻ നൽകുന്നില്ല |
| 28 | 1-28 | കംപ്യൂട്ടർ / അനുബന്ധഉപകരണങ്ങൾ പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല |
| 29 | 1-29 | സ്ഥാപനങ്ങളുടെ വെള്ളക്കരം കുടിശ്ശിക- അന്വേഷണമില്ലാതെ ഭീമമായ തുക അടച്ചത് സംബന്ധിച്ച് |
| 30 | 1-30 | നിക്ഷേപ പ്രവൃത്തികൾ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല |

| | | |
|---|---|---|
| 31 | 1-31 | വനിതാ വ്യവസായ കേന്ദ്രങ്ങൾ നിഷ്ക്രിയാസ്തിയായി മാറുന്നു |
| 32 | 1-32 (1) എ | ഗ്രാമ പഞ്ചായത്തിന് വിട്ടു കിട്ടിയ സ്ഥാപനങ്ങളിലേക്ക് കമ്പ്യൂട്ടറുംഅനുബന്ധ ഉപകരണങ്ങളും വാങ്ങിയതിലെ അപാകതകൾ |
| 33 | 1-33 (1) | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല |
| 34 | 1-33 (2) | പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയതിലെ അപാകതകൾ |
| 35 | 1-34 | ബാലലൈബ്രറി-പുസ്തകങ്ങൾ വിതരണം ചെയ്യുന്നില്ല. |
| | | ഭാഗം-2<br>ഇല്ല |
| | | ഭാഗം-3 |
| 36 | 3-1 | ഹൈക്കോടതി വിധി ലംഘിച്ചതിന്റെ പേരിൽ സെക്രട്ടറി കോടതിയലക്ഷ്യ നടപടി നേരിട്ടു. അഭിഭാഷകന് നൽകിയ ഫീസ് 15,000/- നിരാകരിക്കുന്നു. |
| 37 | 3-2 | ലീഗൽ ഫീസ് അധികം നൽകി |
| 38 | 3-3 | ശ്രൂലംകുഴി വനിതാ വ്യവസായ കേന്ദ്രം - വിശ്രമ മുറി സജ്ജീകരണം-ടെലിവിഷൻ വാങ്ങിയത് -69750/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്ന |
| 39 | 3-4 | പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിലെ മണ്ണ ലേലം ചെയ്തു നീക്കിയത് -പഞ്ചായത്തിനു ഫണ്ടിന് നഷ്ടം |
| | | ഭാഗം - 4 |
| 40 | 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം |
| 41 | 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 42 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 43 | 4-4 | വായ്പ/വായ്പാതിരിച്ചടവ് |
| 44 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 45 | 4-6 | ഓഡിറ്റ് റിക്കവറി |
| 46 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 47 | 4-8 | ചാർജ് സർചാർജ് നടപടികളുടെ വിവരം |
| 48 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 49 | 4-10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 50 | അനുബന്ധം.1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 51 | അനുബന്ധം.2 | ബാലൻസ് ഷീറ്റ്, റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം &എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് |

## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

# 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 17.03.2018 ലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 16-02-19 ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.07.2019 | 15.05.2019 |

.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 06.06.19 -07.06.19 | കെ.എസ്.എ -ഇ.കെ.എം (പിജി) 1227/(65)/2019 തീ. 14.08.2019 |

(ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ്, ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേമെന്റ് അക്കൌണ്ട് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,31,14,561 |
| വരവ് | 143219425 |
| ആകെ | 156333986 |
| ചെലവ് | 152970150 |
| നീക്കിയിരിപ്പ് | 3363836 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം (ACR പ്രകാരം) | | 24694210 | 24694210 | 23924901 | 769309 |
| വികസനഫണ്ട് എസ്.സി.പി. (ACR പ്രകാരം) | | 5746000 | 5746000 | 5746000 | 0 |
| വികസനഫണ്ട് ടി.എസ്.പി. (ACR പ്രകാരം) | | 307000 | 307000 | 183500 | 123500 |
| സംരക്ഷണഗ്രാന്റ് – റോഡ് (ACR പ്രകാരം) | | 17071000 | 17071000 | 16990085 | 80915 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് – നോൺറോഡ് (ACR പ്രകാരം) | | | 5130000 | 5130000 | 4792668 | 337332 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | 11508000 | 11508000 | 11134337 | 373663 |
| കെ.എൽ.എസ്.ജി.ഡി.പി. (ACR പ്രകാരം) | | | 0 | 0 | 0 | 0 |
| സാക്ഷരത | | 2999 | 108 | 3107 | 0 | 3107 |
| ദുരിതാശ്വാസ നിധി | | 680744 | 54015 | 734759 | 0 | 734759 |
| മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | തൊഴിലാളികളുടെ കൂലി | - | 39223920 | 39223920 | 39223920 | 0 |
| | ഭരണചെലവ് | - | 633362 | 633362 | 618905 | 5218 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | T.S.C | 2,02,476 | 7180 | 209656 | 0 | 209656 |
| | I.C.D.S | 13,19,020 | 777088 | 2096108 | 0 | 2096108 |
| | A.R.W.S.S | 2,87,874 | 0 | 2,87,874 | 2,87,874 | 0 |
| | T.S.C -Special | 9000 | 675500 | 684500 | 72,000 | 612500 |
| സംസ്ഥാന വിഷ്കൃത ഫണ്ടുകൾ | ശുചിത്വ മിഷൻ | 0 | 2,20,000 | 2,20,000 | 0 | 2,20,000 |
| | വിമുക്തി ഫണ്ട് | 37,500 | 64100 | 105000 | 64100 | 40900 |
| | കെ.യു.ആർ.ഡിഎഫ്.സി ലോൺ | 0 | 4869422 | 4869422 | 4700000 | 169422 |
| | ഇ-സാക്ഷരത | 1,00,000 | 1000000 | 11,00,000 | 1000000 | 1,00,000 |
| ജനറൽ പർപ്പസ് ഗ്രാന്റ്-ട്രഷറി | | (-)1638324 | 39899112 | 38260788 | 38112221 | 148567 |
| ട്രഷറി സ്പെഷ്യൽ ടി.എസ്.ബി ജോയിന്റ് വെഞ്ചർ | | (-) 262840 | 11205074 | 10942234 | 9075634 | 1866600 |
| ബി ഫണ്ട് | | 0 | 2,75,280 | 2,75.280 | 2,75,280 | 0 |
| ജനകീയ ഭവനം | | 2,12,834 | 7401 | 220235 | 220235 | 0 |
| കുടുംബശ്രീ | | 10,580 | 281 | 10861 | 0 | 10,861 |
| ട്രഷറി TPA അക്കൌണ്ട് | | 500 | 12288 | 12788 | 12788 | 0 |
| തനത് ഫണ്ട്-ബാങ്ക് | | 12130400 | 57409855 | 69540255 | 47861550 | 21678705 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 468 | 245927901 | 318 | 117405574 | 17 | 133 | 67.94% |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | - | 633362 | 633362 | 618905 | 5218 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 39223920 | 39223920 | 39223920 | - |
| ആകെ | - | | | | 5218 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 162000 | 128 |
| കർഷകത്തൊഴിലാളി പെൻഷൻ | 10913200 | 861 |
| വിധവാപെൻഷൻ | 15634000 | 1323 |
| വാർദ്ധക്യകാലപെൻഷൻ | 32456800 | 2769 |
| വികലാംഗപെൻഷൻ | 8564200 | 696 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | 347600 | 28 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 3,60,000 | 12 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.08.2019 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 24,588/- (ഇരുപത്തിനാലായിരത്തി അഞ്ഞൂറ്റി എൺപത്തിയെട്ട്) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

1. ഗ്രാമ പഞ്ചായത്തിന്റെ ജനറൽ കമ്മിറ്റിയുടെ മിനിറ്റസ്ബുക്കുകൾ കൃത്യമായി പരിപാലിക്കുന്നുണ്ട്. യോഗ തീരുമാനങ്ങളും ചർച്ചകളുടെ വിവരങ്ങളും വ്യക്തമായി രേഖപ്പെടുത്തി, ക്ലോസ്സ് ചെയ്തുപോരുന്നുണ്ട്. സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ മിനിറ്റ്സുകളും ഭംഗിയായി കൈകാര്യം ചെയ്തുപോരുന്നുണ്ട്.

2. ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പൊതുടാപ്പുകൾ മുഴുവൻ നിർത്തൽ ചെയ്ത് പകരം പൊതുജനങ്ങൾക്ക് ഗാർഹിക കണക്ഷൻ എടുക്കുന്നതിന് സബ്സിഡി നൽകുന്ന പദ്ധതി

നടപ്പാക്കി കുടിശ്ശിക ഉൾപ്പടെ ഭീമമായ വെള്ളക്കരം അടയ്ക്കുന്നതിൽ നിന്നും ഒഴിവാകുന്നതിന് ഗ്രാമ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്.

3. സ്യൂട്ട് രജിസ്റ്റർ, തെരുവ് വിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ, വാർഡ് തിരിച്ചുള്ള ഡി ആൻഡ് ഓ ലൈസൻസ് / തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകൾ എന്നിവ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

4. ഉപകരണങ്ങളുടെ വാങ്ങലുകളിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി കൃത്യമായ മേൽനോട്ടം വഹിക്കുന്നില്ല

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.07.2019 | 04/2019, 05/2019 | 05.08.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.05.2014മുതൽ 06.06.2014 വരെ | 2009-10 മുതൽ 2013-14വരെ | 20.07.2015 |

## 1-12 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

## 1-13 വസ്തു നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 203, 207 ബി.എ. എന്നിവ പ്രകാരം നികുതി അടക്കുവാൻ ബാധ്യതയുള്ള അന്നൂർ ഡെന്റൽ കോളേജിന്റെ ഉടമസ്ഥതയിലുള്ള താഴെ പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി 2017-18, 2018-19 വർഷങ്ങളിൽ ഡിമാൻഡ് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുവാനുള്ള തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല . വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | കെട്ടിടങ്ങളുടെ ഐ.ഡി.നമ്പർ | ഈടാക്കേണ്ട വസ്തു നികുതി | | | |
|---|---|---|---|---|---|---|
| | | | 2015-16 | 2016-17 | 2017-18 | 2018-19 |
| 1 | 8/73 | 50707010002809 | 51728 | 51728 | 51728 | 51728 |
| 2 | 8/74 | 50707010002810 | 1386 | 1386 | 1386 | 1386 |

| | | | | | | |
|---|---|---|---|---|---|---|
| 3 | 8/75 | 50707010002811 | 1386 | 1386 | 1386 | 1386 |
| 4 | 8/76 | 50707010002812 | 1386 | 1386 | 1386 | 1386 |
| 5 | 8/77 | 50707010002813 | 1386 | 1386 | 1386 | 1386 |
| 6 | 8/78 | 50707010002814 | 1386 | 1386 | 1386 | 1386 |
| 7 | 8/79 | 50707010002815 | 1386 | 1386 | 1386 | 1386 |
| 8 | 8/80 | 50707010002816 | 1386 | 1386 | 1386 | 1386 |
| 9 | 8/81 | 50707010002817 | 1386 | 1386 | 1386 | 1386 |
| 10 | 8/82 | 50707010002818 | 2600 | 2600 | 2600 | 2600 |
| 11 | 8/83 | 50707010002819 | 14866 | 14866 | 14866 | 14866 |
| 12 | 8/84 | 50707010002820 | 9315 | 9315 | 9315 | 9315 |
| 13 | 8/85 | 50707010002821 | 2607 | 2607 | 2607 | 2607 |
| 14 | 8/92 | 50707010002876 | 384 | 384 | 384 | 384 |
| 15 | 8/131 | 50707010002919 | 158 | 158 | 158 | 158 |
| 16 | 8/132 | 50707010002920 | 158 | 158 | 158 | 158 |
| 17 | 8/133 | 50707010002921 | 158 | 158 | 158 | 158 |
| ആകെ | | | 93062 | 93062 | 93062 | 93062 |
| | | | | | ആകെ | 372248 |

2015-16 വർഷത്തെ വസ്തുനികുതി ഈടാക്കുന്നതിന് റവന്യൂ റിക്കവറികൾ ആരംഭിച്ചിരുന്നതും വസ്തു ഉടമ റവന്യൂ റിക്കവറി നടപടികൾക്കെതിരെ ഹൈക്കോടതിയിൽ WP (C) 34245/2017 -ാം നമ്പർ ഹർജി ഫയൽ ചെയ്തിരുന്നു. 26.10.2017 ൽ ഹൈക്കോടതി പഞ്ചായത്തിന് നോട്ടീസ് ഉത്തരവാകുകയും ഒരുമാസത്തേക്ക് സ്റ്റേ അനുവദിക്കുകയും ചെയ്തിട്ടുള്ളതാണ്. പഞ്ചായത്തിനെ കേൾക്കാതെ ഒരുമാസത്തേക്ക് മാത്രം നൽകിയ താർക്കാലിക സ്റ്റേ നീക്കം ചെയ്യുന്നതിനും സ്വീകരിച്ച നടപടികൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 6/27.8.2018)ന് മറുപടി ലഭ്യമാക്കിയിട്ടില്ല. റവന്യൂ റിക്കവറി നടപടികൾ മാത്രമാണ് താൽക്കാലികമായി സ്റ്റേ ചെയ്തിട്ടുള്ളത്. 2017-18, 2018-19 വർഷങ്ങളിലെ വസ്തുനികുതി ഡിമാന്റ് ചെയ്യുന്നത് സ്റ്റേ ചെയ്തതായി ഉത്തരവിലില്ല. ആയതിനാൽ 2017-18, 2018-19 വർഷങ്ങളിൽ അസസ്മെന്റ് പ്രകാരം വസ്തു നികുതി ഡിമാന്റ് ചെയ്യേണ്ടതും കോടതിയിൽ നിന്നുള്ള സ്റ്റേ ഉത്തരവ് നീക്കുന്നതിനുള്ള നിയമപരമായ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-14 സ്യൂട്ട് രജിസ്റ്റർ- അപാകതകൾ

വളരെയധികം കേസുകൾ നിലവിലുള്ള ഗ്രാമപഞ്ചായത്തിലെ സ്യൂട്ട് രജിസ്റ്റർ വ്യക്തമായി എഴുതി സൂക്ഷിക്കുന്നില്ല. ഓഫീസ് ഉത്തരവുപ്രകാരം ചുമതലപ്പെട്ട ഉദ്യോഗസ്ഥനോ മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥനോ ഇക്കാര്യത്തിൽ ജാഗ്രത കാണിച്ചിട്ടില്ലായെന്ന് വ്യക്തമാണ്. കോടതി കേസുകളിൽ സമയബന്ധിതമായി നടപടികൾ സ്വീകരിക്കാത്തതിനാൽ കോടതി

അലക്ഷ്യ നടപടികൾ വരെ അഭിമുഖീകരിക്കേണ്ടിവന്ന പഞ്ചായത്തിൽ ഏതെല്ലാം കോടതികളിൽ എത്ര കേസുകൾ പഞ്ചായത്തിനെതിരെ നിലവിലുണ്ടെന്നോ ടി കേസുകളുടെ നിലവിലെ അവസ്ഥയെക്കുറിച്ചോ സ്യൂട്ട് രജിസ്റ്ററിൽ നിന്നും വ്യക്തമല്ല. കേസ് സംബന്ധമായ പ്രസക്തമായ എല്ലാ വിവരങ്ങളും സ്യൂട്ട് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. സ്യൂട്ട് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

# 1-15 നിയമാനുസൃത പെർമിറ്റ് ഫീസ് ഈടാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങൾ, 2011 ലെ ചട്ടം 130 (4) സി പ്രകാരം വാർത്താവിനിമയ ഗോപുരങ്ങളുടെ ഉപയോഗത്തിന് അനിവാര്യമായ അനുബന്ധമുറികൾക്ക് ഒരു യഥാർത്ഥ കെട്ടിടത്തിന്റെ കാര്യത്തിലെന്നപോലെ അവയുടെ വിസ്തീർണ്ണത്തിന് അനുസൃതമായി പെർമിറ്റ് ഫീസ് ഒടുക്കേണ്ടതാണ്. എന്നാൽ എ ടി സി ടെലകോം ഇൻഫ്രാസ്ട്രക്ച്ചർ, കൊച്ചിൻ എന്ന സ്ഥാപനത്തിന്റെ ടവർ നിർമ്മാണത്തിന് പെർമിറ്റ് ഫീസിനത്തിൽ ടവറിന്റെ മാത്രം ഫീസായ 10,000/-രൂപയാണ് ഈടാക്കിയിട്ടുള്ളത് (ഫയൽ നം. 9052/09.11.18). അനുബന്ധ മുറികളുടെ വിവരം പ്ലാനിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ആയതിന് പെർമിറ്റ് ഫീസ് ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് 29.08.2019 ൽ നൽകിയ 13ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്ലാനിൽ ഉൾപ്പെട്ട അനുബന്ധ മുറികളുടെ നിയമാനുസൃത പെർമിറ്റ് ഫീസ് ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 1-16 വ്യാപാര സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

പായിപ്ര ഗ്രാമ പഞ്ചായത്തിൽ 22 വാർഡുകളുണ്ട്. ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വ്യാപാര വ്യവസായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള രജിസ്റ്റർ നിലവിലില്ല.ലൈസൻസ് ലഭിക്കുന്നതിനുവേണ്ടി പഞ്ചായത്ത് കാര്യാലയത്തിൽ ലഭിച്ചിട്ടുള്ള അപേക്ഷയുടെ അടിസ്ഥാനത്തിലുള്ള എണ്ണം മാത്രമാണ് നിലവിലുള്ള രജിസ്റ്ററിൽ നിന്നുംഅറിയാൻ സാധിക്കുന്നത്. പഞ്ചായത്തിന്റെ അനുമതിയില്ലാതെ ഏതെങ്കിലും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് കണ്ടെത്താൻ വാർഡ് തിരിച്ചുള്ള വ്യാപാര വ്യവസായ സ്ഥാപനങ്ങളുടെ രജിസ്റ്റർ നിലവിലില്ലാത്തതിനാൽ സാധിക്കുന്നില്ല. വസ്തു നിർണ്ണയ രജിസ്റ്റർ പ്രകാരം ഗ്രാമ പഞ്ചായത്തിലെ 22 വാർഡുകളിലായി വാണിജ്യാവശ്യത്തിനായുള്ള 2769-ഉം വ്യവസായാവശ്യത്തിനായുള്ള 428-ഉം കെട്ടിടങ്ങൾ ഉള്ളതായി കാണുന്നു. എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽനിന്നും വ്യാപാര വ്യവസായ ആവശ്യങ്ങൾക്കും ക്വാറികൾക്കും മറ്റുമായി 677 ലൈസൻസുകൾ മാത്രമാണ് നൽകിയിട്ടുള്ളത്. ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് ഇതിൽനിന്നും വ്യക്തമാണ്. വാർഡ് തിരിച്ചുള്ള വ്യാപാര വ്യവസായ സ്ഥാപനങ്ങളുടെ ഫിസിക്കൽ വേരിഫിക്കേഷൻ നടത്തി രജിസ്റ്റർ കാലികമാക്കി തയ്യാറാക്കി സൂക്ഷിക്കേണ്ടതും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-17 ഇ-ടെൻഡർ -ടെൻഡർ ഫീസ് ലഭിച്ചതിന്റെ വിശദാംശങ്ങൾ സംബന്ധിച്ച്

5 ലക്ഷത്തിന് മുകളിലുള്ള പ്രവൃത്തികൾ ഇ-ടെണ്ടർ വഴിയാണ് നടപ്പാക്കി വരുന്നത്. ഇ-ടെണ്ടർ നടപടികളിലൂടെ ലഭിക്കുന്ന മരാമത്ത് ടെണ്ടർ ഫീ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് വരവ് വെയ്ക്കുന്നത്. ചീഫ് എഞ്ചിനീയറുടെ 17-08-2017 ലെ DB1/7942/2010/CE/LSGD നം സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും SBIയിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. 2018-19 വർഷം ഇ-ടെണ്ടർ വഴി നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ടെണ്ടർ ഫീ ലഭിച്ചതിന്റെയും, മുൻ വർഷങ്ങളിലെ തുക ലഭിക്കുവാൻ അവശേഷിക്കുന്നതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കുലറിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി ഇ-ടെൻഡർ ഫീസ് ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2018-19 സാമ്പത്തിക വർഷത്തിൽ പായിപ്ര ഗ്രാമപഞ്ചായത്തിലെ വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ ധാരാളം കരാറുകാരുണ്ട്. തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഈ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ടി കരാറുകാർ സാമ്പത്തിക വർഷത്തിൽ 6 മാസത്തെ കരാർ വ്യവസ്ഥയിൽ പഞ്ചായത്തിൽ ഒന്നിലധികം മരാമത്ത് പണികൾ ഏറ്റെടുത്ത് ചെയ്തിട്ടുണ്ട് എന്ന് എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്.

| | |
|---|---|
| 1 | സി.വി.ഐസക് |
| 2 | എം.പി. ജോസ് |
| 3 | പി.എച്ച് . ഇല്ലിയാസ് |
| 4 | ദിലീപ് കുമാർ |
| 5 | അബ്ദുൾ ഖാദർ |
| 6 | കുഞ്ഞാലി സി.കെ |
| 7 | സെയ്തുമുഹമ്മദ് |
| 8 | വി.എം. കരീം |
| 9 | അഫ്സൽ എള്ളുമല |
| 10 | ടോണി ജോസ് |
| 11 | അബ്ദുൾ സമദ് കെ.കെ. |
| 12 | സമീർ എൻ എ. |
| 13 | സാബു . ആർ. |
| 14 | റിയാസ് കെ എം. |
| 15 | പി.എം .നാസർ |
| 16 | ദിലീപ് കുമാർ |
| 17 | ഷാമോൻ ഷാഹുൽ |
| | |

| | |
|---|---|
| 18 | മുസ്തഫ കെ.എം. |
| 19 | നിഷാദ് സി.എസ്. |
| 20 | എൻ എ കരീം |
| 21 | സിൽവാനോസ് വി ആന്റണി |
| 22 | ഷാജി കെ.കെ. |
| 23 | എൻ എ. കരീം |
| 24 | സിറാജ് എൻ.ഇ. |
| 25 | അഭിജിത് രാജ് |
| 26 | ആഹാസ് . എം.എം. |
| 27 | സെയ്തലവി എൻ കെ . |
| 28 | മമ്മുകുഞ്ഞ്' വി.എം |
| 29 | കുഞ്ഞാലി . സി.കെ. |
| 30 | ടോണി ജോസ്. |
| 31 | അലി പി പി |
| 32 | നജീബ് ഇ ജെ |
| 33 | റമീസ് ഇബ്രാഹിം |
| 34 | റഹിം വി കെ |
| 35 | ടി കെ അലിയാർ |
| 36 | ആർ സാബു |

മേൽ സൂചിത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും, ഡിമാൻഡ് ചെയ്തിട്ടില്ലായെങ്കിൽ ആയതിന്റെ കാരണവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കേണ്ടതാണ് .

# 1-19 മിനി ടിപ്പർ- ലേലം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്ത് 2006-07 വർഷം 581738 / - രൂപ ചെലവഴിച്ച് മാലിന്യ സംസ്കരണ പ്ലാന്റിലേയ്ക്ക് മാലിന്യങ്ങൾ എത്തിക്കുന്നതിനായി KL-17 E 2022 നമ്പർ മിനി ടിപ്പർ വാങ്ങിയിരുന്നു. എന്നാൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് സ്ഥലം കണ്ടെത്താനാവാതെ വന്നതിനാൽ വാഹനം ഉപയോഗിക്കാതെ പഞ്ചായത്ത് ഓഫീസിന് സമീപം സൂക്ഷിച്ചിരിക്കുകയാണ്. വർഷങ്ങളായി ഉപയോഗിക്കാതെ കിടന്നതിനാൽ വാഹനം നന്നാക്കിയെടുക്കുന്നതിനു വൻ തുക ചെലവ് വരുമെന്നതിനാൽ വാഹനം കണ്ടം ചെയ്ത് വിൽക്കുന്നതിന് അനുമതി നൽകുന്നതിന് 2015 -ൽ തദ്ദേശ സ്വയംഭരണവകുപ്പിന് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ സർക്കാരിൽ നിന്നും നാളിതു വരെ മറുപടി ലഭിച്ചിട്ടില്ലായെന്ന് ഫയലിൽ നിന്നും കാണുന്നു. വാഹനത്തിന് നിലവിൽ 80000/ - രൂപ മാർക്കറ്റ് വില ലഭിക്കുമെന്ന് 12.11.2014 ൽ ചാലക്കുടി, PWD മെക്കാനിക്കൽ സബ് ഡിവിഷൻ അസി.എഞ്ചിനീയർ റിപ്പോർട്ട് നൽകിയിരുന്നു. വാഹനം നാളിതുവരെ ലേലം ചെയ്ത്

വിൽക്കുന്നതിനോ, റിപ്പയർ ചെയ്ത് ഉപയോഗപ്പെടുത്തുന്നതിനോ ഗ്രാമ പഞ്ചായത്തിന് സാധിച്ചിട്ടില്ല. വാഹനത്തിന്റെ മൂല്യം ഓരോ വർഷവും കുറഞ്ഞുവരുന്നതിനാൽ സർക്കാരിൽ നിന്നും അനുമതി ലഭ്യമാക്കി വാഹനം ലേലം ചെയ്യുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-20 വീട് വാസയോഗ്യമാക്കൽ -ജനറൽ- അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | വീട് വാസയോഗ്യമാക്കൽ-ജനറൽ |
| പ്രോജക്ട് നം | 28/19 |
| അടങ്കൽ | 16,50,000/- വികസന ഫണ്ട്-സാധാ |
| ചെലവ് | 15,63,873/- |
| ബിൽ നം/ തീയതി, തുക | 04/18-19 തീയതി 23.11.2018 തുക 3,00,000/-<br>05/18-19 തീയതി 13.12.2018 തുക 2,50,000/-<br>06/18-19 തീയതി 26.12.2018 തുക 75,000/-<br>07/18-19 തീയതി 17.01.2019 തുക 1,75,000/-<br>08/18-19 തീയതി 22.01.2019 തുക 1,50,000/-<br>09/18-19 തീയതി 16.02.2019 തുക 3,38,873/-<br>10/18-19 തീയതി 28.02.2019 തുക 75000/-<br>11/18-19 തീയതി 15.03.2019 തുക 75,000/-<br>12/18-19 തീയതി 16.03.2019 തുക 50,000/-<br>13/18-19 തീയതി 13.03.2019 തുക 50,000/-<br>14/18-19 തീയതി 27.03.2019 തുക 25,000/- |
| നിർവഹണം | വി ഇ ഒ, പായിപ്ര |

മേൽ പ്രോജക്ടിൽ വീട് വാസയോഗ്യമാക്കൽ പദ്ധതിയിൽ 25,000/-രൂപ നിരക്കിൽ ആനുകൂല്യം കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ അപേക്ഷയിൽ വീട് വാർക്കയാണെന്ന് പ്രസ്താവിച്ചിട്ടുണ്ട്. വീട് അറ്റകുറ്റപ്പണി നടത്തിയതിന്റെ വാല്യുവേഷൻ എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിയത് പ്രകാരം മേൽക്കൂര മാറ്റൽ, ഓട് പൊളിച്ച് മേയൽ എന്നിവയാണ്. ഗുണഭോക്താക്കളുടെ വിവരം താഴെക്കൊടുക്കുന്നു.

| ക്രമ | പേരും വിലാസവും | വീട്ടുനമ്പർ |
|---|---|---|

| നം | | |
|---|---|---|
| 1 | അബ്ദുൾ ഖാദർ , ചക്കുങ്ങൽ, പേഴക്കാപ്പിള്ളി പി ഒ | XI /82 |
| 2 | രാജമ്മ പുത്തൻപുരക്കൽ | I /391 |
| 3 | മജീദ് എ എസ്, ഐരുമല വീട് | XiV/ 696 |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് 22.08.2019 ൽ നൽകിയ 30ം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണോദ്യോഗസ്ഥൻ നൽകിയ മറുപടി അപേക്ഷകളുടെ ആധിക്യം വാർഷിക പദ്ധതികളുടെ നടത്തിപ്പിലെ തിരക്ക് എന്നിവ മൂലം വാല്യുവേഷൻ തയ്യാറാക്കുന്ന കമ്പ്യൂട്ടർ സോഫ്റ്റ് വെയറിൽ വിവരങ്ങൾ രേഖപ്പെടുത്തിയപ്പോൾ വന്ന ക്ലറിക്കൽ പിഴവാണെന്നാണ്. വാല്യുവേഷൻ എടുക്കുന്നത് സ്ഥലപരിശോധന നടത്തി അളവ് രേഖപ്പെടുത്തിയാണെന്നിരിക്കെ ഈ മറുപടി വിശ്വാസയോഗ്യമല്ല. പദ്ധതികൾ നടപ്പിലാക്കി ആനുകൂല്യം അനുവദിക്കുമ്പോൾ ആയത് സുതാര്യമാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതും അർഹരായവർക്ക് ആനുകൂല്യം ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

# 1-21 വീട് വാസയോഗ്യമാക്കൽ-അനുവദിക്കുന്നത് പരിമിതമായ തുക

2018-19 വർഷം വി ഇ ഒ നിർവ്വഹണോദ്യോഗസ്ഥനായി വീട് വാസയോഗ്യമാക്കൽ പദ്ധതിയിൽ 3 പ്രോജക്ടുകളാണ് നടപ്പിലാക്കിയിട്ടുള്ളത്.

| പ്രോജക്ട് നം. | S028/19 | S240/19 | S0237/19 |
|---|---|---|---|
| പ്രോജക്ടിന്റെ പേര് | വീട് വാസ യോഗ്യമാക്കൽ -ജനറൽ | ആശ്രയ ഗുണ ഭോക്താക്കളുടെ വീട് വാസ യോഗ്യ മാക്കൽ | വീട് വാസ യോഗ്യ മാക്കൽ (എസ് സി) |
| അടങ്കൽ | 16,50,000/- (വികസന ഫണ്ട്) | 15,75,000/- (1564892 എസ് സി പി, 10108 തനത് ഫണ്ട്) | 5,00,000/- (എസ് സി പി) |
| ചെലവ് | 1563873/- | 15,75,000/- | 5,00,000/- |

മേൽ പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ പൊതു വിഭാഗത്തിന് 25,000/-രൂപ, ആശ്രയ ഗുണഭോക്താക്കൾക്ക് 50,000/-രൂപ, പട്ടികജാതി വിഭാഗത്തിന് 75,000/- എന്നിങ്ങനെ ആനുകൂല്യം നിജപ്പെടുത്തിയാണ് വിതരണം ചെയ്തിരിക്കുന്നത്. തദ്ദേശഭരണസ്ഥാപനങ്ങളുടെ 2018-19 വാർഷിക പദ്ധതി സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ സ.ഉ. (എം എസ്) നമ്പർ 80/2017 തസ്വ ഭ വ, തീയതി 03.04.2017 പ്രകാരം 1,00,000/-രൂപ വരെ ജനറൽ വിഭാഗത്തിനും, 1,50,000/-രൂപ വരെ എസ് സി വിഭാഗത്തിനും

നൽകാവുന്നതാണ്. എന്നാൽ എഞ്ചിനീയർ 60000/-രൂപയിൽ അധികം വാല്യുവേഷൻ നൽകിയിരിക്കുന്ന പ്രവൃത്തികൾക്ക് പോലും ആനുകൂല്യം 25,000/-രൂപയായി നിജപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. എസ് സി, ആശ്രയ ഗുണഭോക്താക്കൾക്കും ഒരു ലക്ഷത്തിലധികം രൂപ വാല്യുവേഷൻ എഞ്ചിനീയർ നൽകിയിട്ടും 50,000/-, 75,000/- എന്നിങ്ങനെ ആനുകൂല്യം നിജപ്പെടുത്തിയിരിക്കുന്നു. കുറഞ്ഞ തുക പദ്ധതിയിൽ വകയിരുത്തിയത് മൂലമാണ് ഇപ്രകാരം ചെയ്യേണ്ടി വന്നിട്ടുള്ളത്. നിർമ്മാണ വസ്തുക്കളുടെ വിലയും, ഉയർന്ന കൂലിച്ചെലവും പരിഗണിക്കുമ്പോൾ 25,000/-രൂപ എന്നത് അപര്യാപ്തമായ തുകയാണ്. 1,00,000/- രൂപ വരെ ആനുകൂല്യത്തിന് അർഹതയുണ്ടെന്നിരിക്കെ, കൂടുതൽ ഗുണഭോക്താക്കളെ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ വേണ്ടി കുറഞ്ഞ നിരക്കിൽ ആനുകൂല്യം അനുവദിച്ച് പദ്ധതി നടപ്പിലാക്കിയപ്പോൾ അർഹമായതിന്റെ ചെറിയ ഒരു ശതമാനം തുക മാത്രം ലഭ്യമാക്കുകയും പിന്നീട് ഈ ആനുകൂല്യത്തിനുള്ള അർഹത നഷ്ടമാകുകയും ചെയ്യുന്നു എന്നുള്ളത് ഇത്തരത്തിൽ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ മറ്റൊരു ദൂഷ്യവശമാണ്. ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ വീടുകൾക്ക് ഇനിയും ഒരുപാട് അറ്റകുറ്റപ്പണികൾ ആവശ്യമാണെന്ന് നിർവ്വഹണോദ്യോഗസ്ഥർക്ക് തന്നെ ബോദ്ധ്യമുള്ളതാണ്. പഞ്ചായത്ത് ലഭ്യമാക്കിയ തുക ഉപയോഗിച്ച് യഥാർത്ഥത്തിൽ ചെയ്യേണ്ട പ്രവൃത്തികളുടെ ചെറിയ ഒരു ഭാഗം പോലും പൂർത്തീകരിക്കാൻ ഗുണഭോക്താവിന് കഴിയുന്നുമില്ല. സർക്കാർ അനുമതി നൽകിയിരിക്കുന്ന നിരക്കിൽ സബ്സിഡി വിതരണം ചെയ്യുകയാണെങ്കിൽ ഈ ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട രീതിയിൽ വീട് വാസയോഗ്യമാക്കാൻ കഴിയുമായിരുന്നു. അർഹത വിലയിരുത്തി വീട് വാസയോഗ്യമാക്കൽ പോലെയുള്ള പദ്ധതികൾ കാര്യക്ഷമമായി പൂർത്തീകരിക്കും വിധത്തിൽ നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണെന്ന കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 1-22 തുല്യതാപരീക്ഷയ്ക്ക് ഫീസ് നൽകൽ-രേഖകൾ ലഭ്യമല്ല

| പ്രോജക്ടിന്റെ പേര് | പത്താംതരം തുല്യതാ പരീക്ഷ | പന്ത്രണ്ടാംതരം തുല്യതാ പരീക്ഷ |
|---|---|---|
| പ്രോജക്ട് നം | 109/19 | 125/19 |
| അടങ്കൽ | 21000/- തനത് ഫണ്ട് | 45,000/-തനത് ഫണ്ട് |
| ചെലവ് | 17500/- | 37350/- |
| ചെക്ക്നമ്പർ/ തീയതി | 2650937 23.02.2019 | 2650937 23.02.2019 |
| വൌച്ചർ നം. | 21801107 23.02.19 | 21801108 23.02.2019 |

പത്താം തരം തുല്യതാ പരീക്ഷയ്ക്കായി 1750/-രൂപ നിരക്കിൽ 10 പഠിതാക്കളുടെയും പന്ത്രണ്ടാം തരം തുല്യതാ പരീക്ഷയ്ക്കായി 2075/-രൂപ നിരക്കിൽ 18 പഠിതാക്കളുടെയും പരീക്ഷാ

ഫീസിനത്തിൽ യഥാക്രമം 17500/-രൂപ, 37350/-രൂപ എന്നിങ്ങനെ ആകെ 54850/-രൂപ സംസ്ഥാന സാക്ഷരതാ മിഷന് തുക കൈമാറിയിട്ടുണ്ട്. ഈ പഠിതാക്കൾ പരീക്ഷയ്ക്ക് ഹാജരായതിന്റെ രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ 22.08.19 ലെ 1ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ 28 പഠിതാക്കളും പരീക്ഷയ്ക്ക് ഹാജരായതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നത് വരെ ഈയിനത്തിലെ 54850/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-23 തെരുവു വിളക്കുകളുടെ റിപ്പയറിംഗ്-പദ്ധതി നിർവഹണത്തിലെ അപാകതകൾ

പ്രൊജക്ട് നമ്പർ-S 443/2019

അടങ്കൽ തുക-4,90,000/-

ചെലവ്-2,66,810/-

നിർവഹണോദ്യോഗസ്ഥൻ-സെക്രട്ടറി

ഫണ്ട്- തനതു ഫണ്ട്

കെ.വി സ്കറിയ,കൊച്ചുകുടിയിൽ, ഈസ്റ്റ് മാറാടി പി.ഒ., മൂവാറ്റുപുഴ എന്ന വ്യക്തിക്കാണ് മേൽ പ്രവർത്തിക്കുള്ള കരാർ നൽകിയത്. ടിയാന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തുക | കൈമാറിയ തീയതി |
|---|---|
| 88550/- | 29.3.19 |
| 68300/- | 29.3.19 |
| 52640/- | 29.3.19 |
| 57320/- | 30.3.19 |

ആകെ 266810

തദ്ദേശ സ്വയം ഭരണ (ഡിഎ)വകുപ്പിന്റെ 15.9.11 ലെ 3055/ഡി എ3/2011/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം തെരുവു വിളക്കുകളുടെ റിപ്പയറിംഗ്, മെയിന്റനൻസ് എന്നിവ ഏറ്റെടുക്കുന്ന കരാറുകാരനിൽ നിന്നും കരാർ തുകയുടെ 10 % സെക്യൂരിറ്റി ഡിപ്പോസിറ്റ് ഈടാക്കേണ്ടതാണെങ്കിലും ഇവിടെ കരാറുകാരനിൽ നിന്നും തുക ഈടാക്കിയിട്ടില്ല. തദ്ദേശസ്വയം ഭരണ (ഡിഎ)വകുപ്പിന്റെ 07.11.17ലെ 177/ഡി എ3/2016/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം പ്രവൃത്തി പൂർത്തീകരിച്ച തുകയ്ക്കുള്ള ബിൽ ഹാജരാക്കുന്ന മുറയ്ക്ക് ബിൽ തുകയിൽ നിന്നും 10 % റീടെൻഷൻ കിഴിച്ചുള്ള തുകയാണ് കരാറുകാരന്

അനുവദിക്കേണ്ടതെങ്കിലും ഇവിടെ റീടെൻഷൻ ഈടാക്കാതെയാണ് തുക കരാറുകാരന് നൽകിയത്. KGST Act, 2017 ലെ സെക്ഷൻ 51 (1) പ്രകാരം GST തുക ഒഴികെ 2.5 ലക്ഷം രൂപ കരാറുകാരന് നൽകുകയാണെങ്കിൽ (GST, SGST ഇനങ്ങളിൽ 2% (1%+ 1%) തുക 01.10.2018 മുതൽ TDS ആയി കിഴിവ് വരുത്തേണ്ടതാണ്. എന്നാൽ ഇവിടെ GST ഈടാക്കാതായാണ് തുക നൽകിയത്. GST ഇനത്തിൽ 5336/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. (CGST -2668/- +SGST – 2668/-) തെരുവു വിളക്ക് പരിപാലനം നടത്തുന്നതിന് കരാർ ഏറ്റെടുക്കുന്നവർക്ക് ഇലക്ട്രിക്കൽ സൂപ്പർവൈസറി ലൈസൻസും B ക്ലാസ് രജിസ്ട്രേഷനും തൊഴിലാളിക്ക് ഇലക്ട്രീഷ്യൻ ലൈസൻസും പ്രവൃത്തി പരിചയവും ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ കരാറുകാരൻ കെ.വി സ്കറിയയ്ക്ക് C- ക്ലാസ് രജിസ്ട്രേഷൻ മാത്രമേയുള്ളൂ. പ്രവൃത്തിപരിചയം, സൂപ്പർവൈസറി ലൈസൻസ് എന്നിവ സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല. കോൺട്രാക്ടറുടെ ഉത്തരവാദിത്വത്തിൽ തൊഴിലാളികൾക്ക് ഗ്രൂപ്പ് ഇൻഷുറൻസ് എടുത്ത രേഖകൾ ഹാജരാക്കിയിട്ടില്ല. സ്ട്രീറ്റ് ലൈറ്റുകളുടെ വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയ രജിസ്റ്റർ (പോസ്റ്റ് നമ്പർ, സ്ഥാപിച്ച ലൈറ്റ് എന്നിവ ഉൾക്കൊള്ളിച്ചത്), പരാതി രജിസ്റ്റർ എന്നിവ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്. കരാറുകാരനിൽ നിന്നും സെക്യൂരിറ്റി ഡിപ്പോസിറ്റ് ഈടാക്കേണ്ടതും ഇനി മുതൽ റീടെൻഷൻ കുറച്ചുള്ള തുക അനുവദിക്കേണ്ടതുമാണ്.

## 1-24 പ്രത്യേക ആവശ്യങ്ങൾക്ക് ലഭിച്ച ഗ്രാന്റുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നത് - സംബന്ധിച്ച്

ഗ്രാമ പഞ്ചായത്തിന്റെ 2018 -19 ലെ വാർഷിക കണക്കുകളിൽ ബി -4 ഷെഡ്യൂൾ പ്രകാരം പ്രത്യേക ആവശ്യങ്ങൾക്കായി വിവിധ വർഷങ്ങളിൽ ലഭിച്ച വിവിധ തുകകൾ ഇനിയും ചിലവഴിക്കാതെ അവശേഷിക്കുന്നതായി കാണുന്നു. ഷെഡ്യൂൾ പ്രകാരം വിവിധ ഹെഡ്ഡുകളിൽ 6700489/- അവശേഷിക്കുന്നുണ്ട്. ടി തുക ചെലവഴിക്കുകയോ,തിരിച്ചടയ്ക്കേണ്ട തുകയുണ്ടെങ്കിൽ ബന്ധപ്പെട്ട ഹെഡിലേയ്ക്ക് തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ്.

## 1-25 കാലി ബാരൽ വില ഈടാക്കാത്തതു ലംബന്ധിച്ച്

സി.പി.ഡബ്ല്യൂ.ഡി സ്പെസിഫിക്കേഷൻ 16.4.2.1അനുസരിച്ച് ടാറിംഗ് പ്രവൃത്തികളിൽ കാലിബാരലുകൾ കേടുപാടുകൾ കൂടാതെ തിരിച്ച് നല്കിയില്ലെങ്കിൽ വില ഈടാക്കാവുന്നതാണ്. ഇതിന് വകുപ്പ് വില നിശ്ചയിച്ചിട്ടുള്ളത് 238/-രൂപയും ജി.എസ്.റ്റിയുമാണ്. താഴെപറയുന്ന പ്രവൃത്തികളിൽ (ടാർ വാങ്ങിയതിന്റെ അസൽ ബില്ലിലെ ബാരലുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്) ഫൈനൽ ബിൽ നൽകിയപ്പോൾ കാലിബാരൽ തിരികെ നല്കുകയോ വില ഈടാക്കുകയോ ചെയ്തതായി കാണുന്നില്ല. തുക ഈടാക്കിയിട്ടുണ്ടെങ്കിൽ

ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

| കോൺട്രാക്ടർ | ഉപയോഗിച്ച ബിറ്റുമിൻ ബാരലുകളുടെ എണ്ണം | ഈടാക്കേണ്ടിയിരുന്ന തുക |
|---|---|---|
| ഹിലാർ | 66 | 15708 |
| ടോണി ജോസ് | 16 | 3808 |
| നാസർ പി എം | 23 | 5474 |
| എൻ എ സുബൈർ | 54 | 12852 |
| വി എച് താഹ | 32 | 7616 |
| അഷറഫ് പി.ഇ | 11 | 2618 |
| ആകെ | 202 | 48076 |

കാലി ബാരലിന്റെ വില GST തുക ഉൾപ്പെടെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്

# 1-26 ലോഗ് ബുക്ക് പരിപാലനത്തിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിൽ രണ്ട് വാഹനങ്ങളും ഒരു ഡീസൽ ജനറേറ്ററും നിലവിലുണ്ട്. ഗ്രാമ പഞ്ചായത്തിലെ വാഹനപരിപാലനം സംബന്ധിച്ച രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല.

1. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മഹീന്ദ്ര ബൊലേറോ ജീപ്പ്, ആംബുലൻസ് എന്നിവയുടെ ലോഗ് ബുക്ക് കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

2. ഔദ്യോഗിക വാഹനം ഉപയോഗിച്ച ഉദ്യോഗസ്ഥന്റെ/ജനപ്രതിനിധിയുടെ ഒപ്പ് യാത്ര അവസാനിക്കുമ്പോൾ ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.വർഷത്തിലൊരിക്കൽ വാഹനങ്ങളുടെ മൈലേജ് ടെസ്റ്റ് നടത്തി സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിപ്പിക്കുന്നില്ല.P W D മെക്കാനിക്കൽ വിഭാഗത്തിലെ ക്ഷമതയുള്ള അധികാരിയെ കൊണ്ട് വർഷത്തിൽ ഒരിക്കൽ വാഹനം പരിശാധിപ്പിച്ച് മൈലേജ് ടെസ്റ്റ് നടത്തേണ്ടതാണ്. കിലോമീറ്റർ അടിസ്ഥാനത്തിലുള്ള ഇന്ധന ഉപയോഗത്തിന്റെ തോത് ലോഗ് ബുക്കിൽ രേഖപ്പെടുത്തി നിശ്ചയിച്ച അധികാരിയുടെ തീയതിയും ഒപ്പും സഹിതം സാക്ഷ്യപ്പെടുത്തേണ്ടതാണെന്ന GO(p)803/1970/Fin/13.11.70 ലെ നിർദ്ദേശം പാലിച്ചിട്ടില്ല.

3. നിലവിൽ വാഹനത്തിൽ ഇന്ധനം നിറയ്ക്കുന്നത് ക്ഷമതയുള്ള അധികാരിയുടെ സാന്നിദ്ധ്യത്തിൽ അല്ല. ഇന്ധനം നിറയ്ക്കുന്ന തീയതി, ആകെ അളവ്,ടാങ്കിന്റെ പരമാവധി ശേഷിയിൽ ഇന്ധനം നിറയ്ക്കുമ്പോൾ ഉള്ള കിലോമീറ്റർ റീഡിംഗ്, ടാങ്ക് നിറയ്ക്കുമ്പോൾ സന്നിഹിതനായിരുന്ന വ്യക്തിയുടെ പേര്, ഉദ്യോഗപ്പേര്, ഒപ്പ് എന്നിവ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

4. ഔദ്യോഗിക വാഹനത്തിലെ യാത്രകൾ ഔദ്യോഗിക ആവശ്യങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

വാഹനങ്ങളുടെ പരിപാലനം സംബന്ധിച്ച് സ.ഉ (എം.എസ്) നം. 170/07 ത.സ്വ.ഭ.വ തീയതി. 30/6/2007 ലെ നമ്പർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

# 1-27 ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് - ആനുകൂല്യം മുഴുവൻ നൽകുന്നില്ല.

പ്രൊജക്ട് : ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്.-

പ്രൊജക്ട് നം : 06/19

ചെലവഴിച്ച തുക : 1823552 രൂപ (13,00,000 – വികസന ഫണ്ട്, 223552 – ബ്ളോക്ക് വിഹിതം, 3,00,000 – ജില്ലാ പഞ്ചായത്ത് വിഹിതം).

ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ മേൽ പ്രോജക്ടിൽ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന 126 കുട്ടികൾക്കാണ് സ്കോളർഷിപ്പ് വിതരണം ചെയ്തത്. പ്രതിമാസ സ്കോളർഷിപ്പ് 1000/- രൂപയും പ്രതിമാസ യാത്രാബത്ത 1000/- രൂപയും വസ്ത്രങ്ങൾക്കുള്ള ബത്ത, വിദ്യാഭ്യാസ സാമഗ്രികൾക്കുള്ള ബത്ത എന്നീ ഇനങ്ങളിലെ വാർഷിക ബത്തകളായ യഥാക്രമം 1500/- രൂപ, 2000/-രൂപ എന്നിവയടക്കം 28,500/- രൂപയാണ് മാനസിക വെല്ലുവിളി നേരിടുന്ന ഒരു കുട്ടിക്ക് അർഹതയുള്ള സ്കോളർഷിപ്പ് തുക. എന്നാൽ ഒരു കുട്ടിക്ക് 18623/- രൂപ മാത്രമാണ് പായിപ്ര ഗ്രാമപഞ്ചായത്തിൽ സ്കോളർഷിപ്പ് ഇനത്തിൽ 2018-19 ൽ മേൽ പ്രൊജക്ടുകളിലൂടെ ലഭ്യമാക്കിയിട്ടുള്ളത്. അതായത്, അർഹതപ്പെട്ട തുകയുടെ 65 ശതമാനം മാത്രമാണ് ഓരോ കുട്ടിക്കും ലഭ്യമായിട്ടുള്ളത്. ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കും ഇത്തരത്തിൽ ലഭിക്കേണ്ടിയിരുന്ന മുഴുവൻ തുകയും ലഭ്യമാക്കിയിട്ടില്ല. മുഴുവൻ തുകയും ലഭ്യമാക്കാൻ പര്യാപ്തമായ തുക ബജറ്റിലും പ്രൊജക്ട് തയ്യാറാക്കുന്ന വേളയിലും വക കൊള്ളിക്കുന്നില്ല എന്ന് കാണുന്നു. നിലവിലുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭ്യമാക്കാൻ ആകെ 2623589/- രൂപ ആവശ്യമായിരുന്നെങ്കിലും 21,00,000/-രൂപ മാത്രമാണ് വകയിരുത്തിയത്. ഭിന്നശേഷിക്കാരായ കുട്ടികളുടെ ക്ഷേമം മുൻ നിർത്തി വിഭാവനം ചെയ്തിരിക്കുന്ന പദ്ധതി വഴി അർഹതപ്പെട്ടവർക്ക് ആനുകൂല്യങ്ങൾ പൂർണ്ണമായും ലഭ്യമാക്കുന്നതിന് പര്യാപ്തമായത്ര തുക വകയിരുത്തിക്കൊണ്ട് പദ്ധതി നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# 1-28 കംപ്യൂട്ടർ/അനുബന്ധ ഉപകരണങ്ങൾ പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്ത് 2018-19 വാർഷിക പദ്ധതിയിൽ പെടുത്തി കമ്പ്യൂട്ടർ, സ്കാനർ, പ്രിന്റർ, യു.പി.എസ്. തുടങ്ങിയ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. 24.9.10 ലെ സർക്കുലർ നമ്പർ 86/2010/ ഫിൻ പ്രകാരം കംപ്യൂട്ടർ / അനുബന്ധ ഉപകരണങ്ങൾ, സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ നിർബന്ധമാക്കിയിട്ടുണ്ടെങ്കിലും ടി ഉപകരണങ്ങൾ ഇപ്രകാരമുള്ള സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. ആയതിനാൽ ഗ്രാമ പഞ്ചായത്തിലെ മുഴുവൻ കമ്പ്യൂട്ടറുകളുടെയും, അനുബന്ധ ഉപകരണങ്ങളുടെയും, സോഫ്റ്റ്‌വെയറുകളുടെയും വിവരങ്ങൾ നിശ്ചിത മാതൃകയിലുള്ള സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-29 സ്ഥാപനങ്ങളുടെ വെള്ളക്കരം കുടിശ്ശിക - അന്വേഷണമില്ലാത്ത ഭീമമായ തുക അടച്ചത് സംബന്ധിച്ച്

ഗ്രാമ പഞ്ചായത്തിലെ വാർഡ് 15 ലെ അങ്കണവാടി നമ്പർ -73 ന്റെ വെള്ളക്കരം കുടിശ്ശിക ഇനത്തിൽ 37507 /- രൂപ വൗച്ചർ നമ്പർ 51800812/ 17.12.2018 - ചെക്ക് നമ്പർ 2650269/17.12.2018 പ്രകാരവും, തൃക്കളത്തൂർ അങ്കണവാടിയുടെ കുടിശ്ശിക 41487 /- രൂപയും, പി.റ്റി അംബേദ്കർ ഓഡിറ്റോറിയത്തിന്റെ കുടിശ്ശിക 147384 /- രൂപയും ചേർത്ത് ആകെ 188871/- രൂപ വൗച്ചർ നമ്പർ 51801214 / 18.03.2019 - ചെക്ക് നമ്പർ 530753/ 18.03.2019 പ്രകാരവും അടച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റോറിയത്തിനും, അങ്കണവാടികൾക്കും ഇത്രയും ഭീമമായ തുക വെള്ളക്കരം ഇനത്തിൽ വരുവാനുണ്ടായ കാരണം, ഏതൊക്കെ കാലയളവിലെ കുടിശ്ശികയാണെന്ന വിവരം എന്നിവ ഗ്രാമപഞ്ചായത് അന്വേഷിച്ച് റിപ്പോർട്ട് ചെയ്തിട്ടില്ല. ഓഡിറ്റോറിയത്തിലെ വാട്ടർ കണക്ഷൻ 27.07.2009-ൽ തന്നെ ഡിസ്കണക്ട് ചെയ്തതാണെന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വിശദമായ അന്വേഷണം നടത്താതെ ഭീമമായ തുക വെള്ളക്കരം ഇനത്തിൽ അടയ്ക്കുവാനുണ്ടായതിന്റെ കാരണം ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഭീമമായ തുക വെള്ളക്കരം ഇനത്തിൽ കുടിശ്ശികയായതിന് കാരണക്കാരായവർക്കെതിരെ നടപടി സ്വീകരിക്കേണ്ടതും കുടിശ്ശിക വന്നതിന്റെ കാരണം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-30 നിക്ഷേപ പ്രവൃത്തികൾ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

ഗ്രാമ പഞ്ചായത്തിന്റെ 2018-19 ലെ വാർഷിക പദ്ധതിയിൽ പെടുത്തി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി വിവിധ നിക്ഷേപ പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് ( KSEB, KWA മുതലായവ) തുക കൈമാറി നൽകിയിട്ടുണ്ട്. ടി പദ്ധതികൾ സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം, ഫൈനൽ ബിൽ എന്നിവ ലഭ്യമായിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ടി നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം നിലവിൽ ലഭ്യമായിട്ടില്ലെന്ന് എക്സിറ്റ് കോൺഫെറൻസിൽ അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം, ഫൈനൽ ബിൽ എന്നിവ ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

| ക്രമ നമ്പർ | പ്രൊജക്റ്റ് നമ്പർ | തുക | നിർവ്വഹണ ഏജൻസി |
|---|---|---|---|
| 1 | 56/19 | 150000 | KWA |
| 2 | 57/19 | 200000 | KWA |
| 3 | 58/19 | 300000 | KWA |
| 4 | 59/19 | 150000 | KWA |
| 5 | 184/19 | 34000 | KSEB |

| | | | |
|---|---|---|---|
| 6 | 442/19 | 419454 | KSEB |
| 7 | 465/19 | 1105017 | KWA |
| 8 | 467/19 | 70000 | KWA |
| 9 | 468/19 | 100000 | KWA |
| 10 | 469/19 | 550000 | KWA |
| 11 | 480/19 | 204041 | KSEB |
| 12 | 500/19 | 75000 | KWA |
| 13 | 512/19 | 66846 | KSEB |
| | ആകെ | 34,24,358 | |

# 1-31 വനിതാ വ്യവസായ കേന്ദ്രങ്ങൾ നിഷ്ക്രിയാസ്തിയായി മാറുന്നു

മുൻ വർഷങ്ങളിലെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ വനിതാ വ്യവസായ കേന്ദ്രങ്ങൾ സ്ഥാപിച്ചതായി കാണുന്നു.

1.14 -ാം വാർഡിലെ ഇ ബി ജങ്ക്ഷൻ

2. ശ്ലലം കുഴിയിൽ വനിതാഉൽപാദന വിപണനകേന്ദ്രം

3. വനിത വിപണന കേന്ദ്രം കുഴിയാകുളങ്ങര (പുതിയ കെട്ടിടം) വാർഡ് 2

4.14-ാം വാർഡിൽ വനിത വ്യവസായ വിപണന കേന്ദ്രം

5. ഗ്രാമ പഞ്ചായത്തിനുസമീപം വനിത വ്യവസായകേന്ദ്രം

6. കുഴിയാകുളങ്ങര വനിത വിപണന കേന്ദ്രം

7. 15-ാം വാർഡിൽ വനിതാ വ്യവസായ കേന്ദ്രം നിർമ്മാണം

8. ഏഴിമല വനിത വ്യവസായ കേന്ദ്രം

9. വനിത വ്യവസായ കേന്ദ്രം വാർഡ് -8,12 ,17,18,19,20,21

10. വനിതാ വ്യവസായ കേന്ദ്രം പ്ലംബിംഗ് -തേരാപ്പാര ,പള്ളിച്ചിര

11. കെ.എ.പി.വനിത വ്യവസായ കേന്ദ്രം

12. പള്ളിച്ചിറങ്ങര വനിതാവ്യവസായ കേന്ദ്രം

ഇവയുടെ മെയിന്റനൻസ് ഇനത്തിൽ തൻ വർഷവും തുക ചെലവഴിച്ചിട്ടുണ്ട്. വനിതാ വ്യവസായ കേന്ദ്രങ്ങളിൽ നിലവിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ, ഗ്രാമ പഞ്ചായത്തിന് വാടക ലഭിക്കുന്നതിന്റെ വിവരം., നിലവിലെ കൈവശക്കാരുടെ വിവരം. ബന്ധപ്പെട്ട കമ്മറ്റി തീരുമാനം എന്നിവ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ടി സ്ഥാപനങ്ങളിൽ

ഒന്നും തന്നെ വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന ഡി ആൻഡ് ഓ അപേക്ഷകളിൽനിന്നും മനസ്സിലാകുന്നു. വിവിധ വർഷങ്ങളിലായി ലക്ഷകണക്കിന് തുക ചെലവഴിച്ച് നടപ്പാക്കിയ ടി സ്ഥാപനങ്ങൾ നിഷ്ക്രിയാസ്തിയായി മാറുന്ന സാഹചര്യം ഒഴിവാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

# 1-32 (1) ഗ്രാമപഞ്ചായത്തിന് വിട്ടു കിട്ടിയ സ്ഥാപനങ്ങളിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയതിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന് വിട്ടു കിട്ടിയ സ്ഥാപനങ്ങളായ മൃഗാശുപത്രി, ഫാമിലി ഹെൽത്ത് സെന്റർ, വി.ഇ.ഒ ഓഫീസ് എന്നിവിടങ്ങളിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ എന്ന പ്രൊജക്ട് നടപ്പിലാക്കിയതിൽ 08.11.2010 – ലെ LSG (AA) D. G.O (P) 259/2010 നമ്പർ ഉത്തരവിലെ പ്രൊക്ക്യുവർമെന്റ് ഗൈഡ് ലൈൻസ് പാലിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1) <u>മൃഗാശുപത്രികയിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ</u>

| | | | |
|---|---|---|---|
| പ്രോജക്ട് നമ്പർ | 29/2018-19 | | |
| പ്രോജക്ടിന്റെ പേര് | മൃഗാശുപത്രികയിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | | |
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്റനറി സർജൻ | | |
| അടങ്കൽ തുക | 60,000/- | | |
| ചിലവ് വിവരം | ബിൽ നം. | തീയതി | തുക |
| | 2/2018-19 | 21.11.2018 | 55,305/- |

നിർവഹണ ഉദ്യോഗസ്ഥ 05.06.2018 തീയതി എ2 3100/18 നൽകിയ ടെൻഡർ പരസ്യം പ്രകാരം സ്മാർട്ട് ടെക്നോളജീസ്, കടവന്ത്ര, കൊച്ചി, DCC കമ്പ്യൂട്ടേഴ്സ്, എറണാകുളം എന്നീ 2 സ്ഥാപനങ്ങളുടെ ടെൻഡറുകൾ ലഭിച്ചതായി ഫയൽ പ്രകാരം വ്യക്തമാണ്. ടി സ്ഥാപനങ്ങൾ നൽകിയ ഓഫറുകൾ താഴെ വിവരിക്കുന്നു.

<u>1 (എ) ലഭിച്ച ഓഫറുകളുടെ വിവരം</u>

| ഇനം | സ്മാർട്ട് ടെക്നോളജീസ്, കടവന്ത്ര കൊച്ചി നൽകിയത് | DCC കമ്പ്യൂട്ടേഴ്സ് എറണാകുളം നൽകിയത് |
|---|---|---|
| എയ്സർ ഡെസ്ക്ടോപ്പ് | 39,775/-(1 number) | 43,800/- (1 number) |
| കാനൻ പ്രിന്റർ – 2900 | 10,580/- (1 number) | 12,580/- (1 number) |
| സ്കാനർ | 4,950/- (1 number) | 6930/- (1 number) |

(ബി) <u>ഫാമിലി ഹെൽത്ത് സെന്ററിലേയ്ക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ</u>

| | | | |
|---|---|---|---|
| പ്രോജക്ട് നമ്പർ | S0189/2018-19 | | |
| പ്രോജക്ടിന്റെ പേര് | ഫാമിലി ഹെൽത്ത് സെന്ററിലേയ്ക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | | |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ | | |
| അടങ്കൽ തുക | 1,10,000/- | | |
| ചിലവ് വിവരം | ചെക്ക് നം. | തീയതി | തുക |
| | 2650251 | 14.11.2018 | 1,08,053/- |

**<u>2(എ) ലഭിച്ച ഓഫറുകളുടെ വിവരം</u>**

നിർവഹണ ഉദ്യോഗസ്ഥക്ക് വേണ്ടി അസിസ്റ്റന്റ് സെക്രട്ടറി 05.06.2018 തീയതി എ2 3100/18 ആയി നൽകിയ ടെൻഡർ പരസ്യ പ്രകാരം 1) Smart Technologies, Kadavantra, Cochin 2) DCC Computers, Ernakulam എന്നീ 2 സ്ഥാപനങ്ങളുടെ ടെൻഡറുകൾ ലഭിച്ചതായി ഫയൽ പ്രകാരം വ്യക്തമാണ്. ടി സ്ഥാപനങ്ങൾ നൽകിയ ഓഫറുകൾ 1 (എ) യിൽ വിവരിക്കും പ്രകാരം തന്നെയാണ് നൽകിയിരുന്നത്.

**(സി) <u>വി.ഇ ഓഫീസിലേയ്ക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ.</u>**

| | | | |
|---|---|---|---|
| പ്രോജക്ട് നമ്പർ | S0033/2018-19 | | |
| പ്രോജക്ടിന്റെ പേര് | വി.ഇ.ഓഫീസിലേയ്ക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | | |
| നിർവഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | | |
| അടങ്കൽ തുക | 53,305/- | | |
| ചിലവ് വിവരം | ചെക്ക് നം. | തീയതി | തുക |
| | 2650241 | 24.10.2018 | 55,305/- |

## <u>3 (എ) ലഭിച്ച ഓഫറുകളുടെ വിവരം</u>

മേൽ പ്രോജക്ട് നടപ്പിലാക്കുന്നതിനു വേണ്ടി നിർവഹണ ഉദ്യോഗസ്ഥൻ 05.06.2018 തീയതി എ2 3100/1 ആയി ടെൻഡർ പരസ്യപ്രകാരം 1) Smart Technologies, Kadavanthra, Cochin 2) DCC Computers, Ernakulam എന്നീ 2 സ്ഥാപനങ്ങളുടെ ടെൻഡറുകൾ ലഭിച്ചതായി ഫയൽ പ്രകാരം വ്യക്തമാണ്. ടി സ്ഥാപനങ്ങൾ നൽകിയ ഓഫറുകൾ 1 (എ) യിൽ വിവരിക്കും പ്രകാരം തന്നെയാണ് നൽകിയിരുന്നത്. ലഭിച്ച രണ്ടു ടെൻഡറുകളിൽ കുറവ് തുക രേഖപ്പെടുത്തിയ Smart Technologies, Kadavanthra, Cochin എന്ന സ്ഥാപനത്തിന്റെ ഓരോ സ്ഥാപനത്തിലേക്കും നൽകിയ ടെൻഡർ/ ക്വട്ടേഷൻ പ്രോക്യൂർമെന്റ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം പായിപ്ര ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 06/07/2018 -ലെ 5-1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

രണ്ടു ടെൻഡറുകൾ മാത്രം ലഭിച്ചതുകൊണ്ടും മേൽവിലാസം, GST No., പ്രാഥമിക എഗ്രിമെന്റ് മുതലായ ടെൻഡർ വ്യവസ്ഥകൾ പാലിച്ചിട്ടില്ലാത്തതു കൊണ്ടും ലഭിച്ച ടെൻഡറുകൾ സ്വീകാര്യമല്ലാത്തതാണെന്നും പുനർ ടെൻഡർ ക്ഷണിക്കാതെയും ടെൻഡർ വ്യവസ്ഥകൾ പാലിക്കാതെയും പ്രോജക്ട് നടപ്പിലാക്കിയതിനും വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് ( നം. 7/27.08.2018, 8/27.08.2019, 22/31.08.2018) പ്രക്യൂവർമെന്റ് കമ്മറ്റിയാണ് ടെൻഡർ അംഗീകരിച്ചതെന്ന മറുപടിയാണ് നിർവഹണ ഉദ്യോഗസ്ഥർ നൽകിയത്.

**<u>മേൽ പ്രോജക്ടുകൾ നടപ്പിലാക്കിയതിലെ അപാകതകൾ താഴെ വിവരിക്കുന്നു.</u>**

1) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള പ്രൊക്ക്യൂയർമെന്റ് ഗൈഡ് ലൈൻസിലെ

വ്യവസ്ഥകൾപ്രകാരം ഏതു തരത്തിലുള്ള ടെണ്ടർ നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമല്ല.
2) ടെൻഡർ പരസ്യങ്ങൾ എവിടെയെല്ലാം പരസ്യപ്പെടുത്തിയിരുന്നു എന്ന് ഫയലിൽ നിന്നു വ്യക്തമല്ല. പത്രപ്പരസ്യം നൽകിയിട്ടില്ല.
3) ഫയൽ പരിശോധിച്ചതിൽ രണ്ടു ടെൻഡറുകളുടേയും ഒപ്പം Smart Technologies, Kadavanthra, Cochin എന്ന സ്ഥാപനത്തിന്റെ പേരിൽ വാങ്ങിയ ശൂന്യമായ മുദ്രപ്പത്രങ്ങളാണ് നൽകിയിരിക്കുന്നത്. ഇതിൽ നിന്നും രണ്ടു ടെൻഡറുകളും നൽകിയിരിക്കുന്നത് ഒരേ വ്യക്തി തന്നെയെന്ന് വ്യക്തമാണ്.
4) ടെൻഡർ നോട്ടീസിൽ ആവശ്യപ്പെട്ടിരുന്ന വ്യക്തമായ മേൽവിലാസം, GST No. എന്നിവ 1-ാം നമ്പർ സ്ഥാപനം മാത്രമേ നൽകിയിട്ടുള്ളൂ. പ്രാഥമിക എഗ്രിമെന്റ് 2 സ്ഥാപനങ്ങളും നൽകിയിട്ടില്ല.
5) രേഖകൾ പരിശോധിച്ചതിൽ ടെൻഡർ നോട്ടീസിലും ടെൻഡർ പരസ്യത്തോടൊപ്പം പറഞ്ഞിരിക്കുന്ന സ്പെസിഫിക്കേഷനിലും വിശദമാക്കിയിരിക്കുന്നത് LED മോണിറ്റർ നൽകുവാനാണ്. എന്നാൽ LED മോണിറ്ററിനേക്കാൾ ക്ലാരിറ്റി കുറവും വിലകുറവുള്ളതുമായ LCD മോണിറ്ററാണ് സപ്ലൈ ചെയ്തിരിക്കുന്നതെന്നാണ് Acer മോണിറ്ററിനൊപ്പം ലഭിച്ച User Guide -ൽ നിന്നും വ്യക്തമാകുന്നത്.
6) ലഭ്യമാക്കേണ്ട ഉപകരണങ്ങൾക്ക് 5 വർഷത്തെ വാറണ്ടിയാണ് നിഷ്കർഷിച്ചിരുന്നത്. ലഭ്യമാക്കിയ ഉപകരണങ്ങൾക്ക് നിർമ്മാതാവ് 3 വർഷത്തെ വാറണ്ടിയാണ് നൽകിയിട്ടുള്ളത്. സപ്ലൈറായ Smart Technologies, Kadavanthra, Cochin -ഉം ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥരും തമ്മിലുണ്ടാക്കിയ എഗ്രിമെന്റിൽ ഉപകരണങ്ങൾക്ക് 5 വർഷത്തെ വാറണ്ടി ഉറപ്പാക്കിയിട്ടില്ല.
മേൽപ്രകാരമുള്ള അപാകതകൾ വരുത്തിയതിന് വിശദീകരണം നൽകേണ്ടതാണ്. ടെണ്ടർ സ്പെസിഫിക്കേഷനിലുള്ള ഉപകരണങ്ങളാണ് ലഭ്യമാക്കിയിരിക്കുന്നതെന്ന് വിദഗ്ധ പരിശോധന നടത്തി ഉറപ്പുവരുത്തേണ്ടതും എഗ്രിമെന്റിൽ ഉപകരണങ്ങൾക്ക് 5 വർഷത്തെ വാറണ്ടി ഉറപ്പാക്കേണ്ടതുമാണ്. ഓഡിറ്റിന്റെ ഈ നിർദ്ദേശങ്ങൾ പാലിക്കുകയും വിവരം ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തുകയും ചെയ്യുന്നതുവരെ മേൽ പദ്ധതിയുടെ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-33 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

| പ്രോജക്ടിന്റെ പേര് | എസ് എസ് എ വിഹിതം നൽകൽ | എസ് എസ് എ അധികവിഹിതം നൽകൽ |
|---|---|---|
| പ്രോജക്ട് നം | 5/19 | 471/19 |
| അടങ്കൽ | 8,00,000/- വികസന ഫണ്ട്-സാധാരണം | 5,28,877/-തനത് ഫണ്ട് |
| ചെലവ് | 8,00,000/- | 528877- |
| ബിൽ നം/ ചെക്ക്നമ്പർ/ തീയതി | 2/18-19<br>26.11.2018 | 530789<br>31.03.2019 |

ഹെഡ് മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായ മേൽ പദ്ധതികളിൽ എസ് എസ് എ വിഹിതം ഇനത്തിൽ കൈമാറിയ തുകയുടെ കൈപ്പറ്റ് രസീതോ വിനിയോഗ സാക്ഷ്യപത്രമോ ലഭ്യമാക്കിയിട്ടില്ല.

ആയത് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ 22.08.2019 ലെ 2ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കൈമാറിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

# 1-33 (2) പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയതിലെ അപാകതകൾ

| | | | |
|---|---|---|---|
| പ്രോജക്ട് നമ്പർ | S0264/2019 | | |
| പ്രോജക്ടിന്റെ പേര് | പഞ്ചായത്ത് ഓഫീസിലേയ്ക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | | |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | | |
| അടങ്കൽ തുക | 4,16,000/- | | |
| ചിലവ് വിവരം | ചെക്ക് നം. | തീയതി | തുക |
| ചിലവ് രജിസ്റ്റർ പ്രകാരം | 2650227 | 3-10-2018 | 2,74,590/- |

മേൽ പ്രോജക്ട് നടപ്പിലാക്കുന്നതിനു വേണ്ടി 05.06.2018 തീയതി പായിപ്ര ഗ്രാമ പഞ്ചായത്ത് സെക്രട്ടറി എ2-3100/18 ആയി ടെൻഡർ പരസ്യം ചെയ്തിരുന്നു. എവിടെയെല്ലാം പരസ്യം പരസ്യപ്പെടുത്തിയിരുന്നു എന്ന് ഫയലിൽ നിന്നു വ്യക്തമല്ല.

1) Smart Technologies, Kadavanthra, Cochin 2) Service Systems, Kadavanthra എന്നീ സ്ഥാപനങ്ങളുടെ ടെൻഡറുകൾ ലഭിച്ചതായും ഫയൽ പ്രകാരം വ്യക്തമാണ്. ടെൻഡറുകൾ പ്രകാരമുള്ള കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങൾക്കും ടി സ്ഥാപനങ്ങൾ നൽകിയ ഓഫറുകൾ താഴെ വിവരിക്കുന്നു.

| ഇനം | സ്മാർട്ട് ടെക്നോളജി നൽകിയ ഓഫർ | സർവീസ് സിസ്റ്റം നൽകിയ ഓഫർ |
|---|---|---|
| ഡെസ്ക്ടോപ്പ് | 39,775/- (1 എണ്ണം) | 43,800/- (1 എണ്ണം) |
| കാനൻ പ്രിന്റർ – 2900 | 10,580/- (1 എണ്ണം) | 12,580/- (1 എണ്ണം) |
| ഹൈസ്പീഡ് സ്കാനർ | 81,380/- (1 എണ്ണം) | 81591/- (1 എണ്ണം) |

ലഭിച്ച രണ്ട് ടെൻഡറുകളിൽ കുറവ് തുക രേഖപ്പെടുത്തിയ Smart Technologies, Kadavanthra, Cochin എന്ന സ്ഥാപനത്തിന്റെ ടെൻഡർ പ്രൊക്യൂവർമെന്റ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം പായിപ്ര ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 06/07/2018 -ലെ 5-1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

പ്രോജക്ട് നടപ്പിലാക്കിയതിൽ 08.11.2010 -ലെ LSG(AA)D. G.O (P) 259/2010 നമ്പർ ഉത്തരവിലെ പ്രൊക്യുയർമെന്റ് ഗൈഡ് ലൈൻസ് പാലിച്ചിട്ടില്ല.

<u>പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ</u>

1) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള പ്രൊക്യുയർമെന്റ് ഗൈഡ് ലൈൻസിലെ വ്യവസ്ഥകൾ പ്രകാരം ഏതു തരത്തിലുള്ള ടെണ്ടർ നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമല്ല.

2) ടെൻഡർ പരസ്യങ്ങൾ എവിടെയെല്ലാം പരസ്യപ്പെടുത്തിയിരുന്നു എന്ന് ഫയലിൽ നിന്നും വ്യക്തമല്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള പ്രൊക്യൂയർമെന്റ് ഗൈഡ് ലൈസൻസിലെ വ്യവസ്ഥകൾപ്രകാരം അടങ്കൽ തുക 1,00,000/- മേലെയാണെങ്കിൽ ഓപ്പൺ ടെണ്ടറാണ്

ചെയ്യേണ്ടിയിരുന്നത്. വ്യവസ്ഥകൾ പ്രകാരം ഓപ്പൺ ടെണ്ടർ പരസ്യം പ്രചാരമുള്ള ഒരു ഇംഗ്ളീഷ് ദിനപ്പത്രത്തിലും ഒരു മലയാള ദിനപത്രത്തിലും നൽകേണ്ടിയിരുന്നെങ്കിലും പത്രപ്പരസ്യം നൽകിയിട്ടില്ല.

3) ടെണ്ടർ സമർപ്പിക്കാൻ പരസ്യ തീയതി മുതൽ 21 ദിവസം അനുവദിക്കണം. എന്നാൽ ലിമിറ്റഡ് ടെണ്ടറിന് ബാധകമായ 14 ദിവസമാണ് അനുവദിച്ചിട്ടുള്ളത്. ലിമിറ്റഡ് ടെണ്ടറാണ് സ്വീകരിച്ചിരുന്നെങ്കിൽ കുറഞ്ഞത് 3 ഏജൻസികളുടെയെങ്കിലും ക്വട്ടേഷൻ ക്ഷണിക്കണമായിരുന്നു.

4)ടെൻഡർ നോട്ടീസിൽ ആവശ്യപ്പെട്ടിരുന്ന വ്യക്തമായ മേൽവിലാസം, GST No. എന്നിവ 1-ാം നമ്പർ സ്ഥാപനം മാത്രമേ നൽകിയിട്ടുള്ളൂ. പ്രാഥമിക എഗ്രിമെന്റ് 2 സ്ഥാപനങ്ങളും നൽകിയിട്ടില്ല.

5) രേഖകൾ പരിശോധിച്ചതിൽ ടെൻഡർ നോട്ടീസിലും ടെൻഡർ സ്പെസിഫിക്കേഷനിലും വിശദമാക്കിയിരിക്കുന്നത് LED മോണിറ്റർ നൽകുവാനാണ്. എന്നാൽ LED മോണിറ്ററിനേക്കാൾ ക്ലാരിറ്റി കുറവും വിലകുറവുള്ളതുമായ LCD മോണിറ്ററാണ്. സപ്ലൈ ചെയ്തിരിക്കുന്നതെന്നാണ് Acer മോണിറ്ററിനൊപ്പം ലഭിച്ച User Guide -ൽ നിന്നും വ്യക്തമാകുന്നത്.

6) ലഭ്യമാക്കേണ്ട ഉകരണങ്ങൾക്ക് 5 വർഷത്തെ വാറണ്ടിയാണ് നിഷ്കർഷിച്ചിരുന്നത്. ലഭ്യമാക്കിയ ഉപരണങ്ങൾക്ക് നിർമ്മാതാവ് 3 വർഷത്തെ വാറണ്ടിയാണ് നൽകിയിട്ടുള്ളത്. സപ്ലൈറായ Smart Technologies, Kadavanthra, Cochin 5 വർഷത്തെ വാറണ്ടി ഉറപ്പാക്കിയിട്ടില്ല.

ടെൻഡർ വ്യവസ്ഥകൾ പാലിക്കാതെ പ്രൊജക്ട് നടപ്പിലാക്കിയതിന് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/31.08.2019) മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽപ്രകാരമുള്ള അപാകതകൾ വരുത്തിയതിന് വിശദീകരണം നൽകേണ്ടതാണ്. ടെണ്ടർ സ്പെസിഫിക്കേഷനിലുള്ള ഉപകരണങ്ങളാണ് ലഭ്യമാക്കിയിരിക്കുന്നതെന്ന് വിദഗ്ധ പരിശോധന നടത്തി ഉറപ്പ് വരുത്തേണ്ടതും എഗ്രിമെന്റിൽ ഉപകരണങ്ങൾക്ക് 5 വർഷത്തെ വാറണ്ടി ഉറപ്പാക്കേണ്ടതുമാണ്. ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കുകയും വിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തുകയും ചെയ്യുന്നതുവരെ മേൽ പ്രൊജക്ട് നടപ്പിലാക്കുന്നതിനുവേണ്ടി ചിലവാക്കിയ തുക തടസ്സപ്പെടുത്തുന്നു.

# 1-34 ബാലലൈബ്രറി- പുസ്തകങ്ങൾ വിതരണം ചെയ്യുന്നില്ല

| | |
|---|---|
| പ്രോജക്ട് നം. | S190/19 |
| പ്രോജക്ടിന്റെ പേര് | ബാലസഭ |
| അടങ്കൽ | 35,000/- ( വികസന ഫണ്ട് സാധാരണം , ) |
| ചെലവ് | 35,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| ബിൽ നമ്പർ/ | 18/18-19 തീയതി 22.03.2019 തുക11000/-<br>17/18-19 തീയതി 22.03.2019 തുക 24000/- |

ബാലസഭാ പ്രവർത്തനത്തിന്റെ ഭാഗമായി 35,000/- രൂപ ചെലവിൽ ബാല ലൈബ്രറിയ്ക്കായി ബുക്ക് മാർക്കിൽ നിന്നും പുസ്തകങ്ങൾ വാങ്ങിയിട്ടുണ്ട്. എന്നാൽ ഈ പുസ്തകങ്ങൾ നമ്പർ

രേഖപ്പെടുത്തി കുട്ടികൾക്ക് വായിക്കാൻ നൽകുന്നതിന് നാളിതുവരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. വാങ്ങിയ പുസ്തകങ്ങൾ ഇപ്പോഴും കുടുംബശ്രീ ഓഫീസിൽ സൂക്ഷിച്ചിരിക്കുകയാണ്. വാങ്ങിയ പുസ്തകങ്ങൾ കുട്ടികൾക്ക് വായിക്കാൻ വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

- **ഇല്ല**

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 3-1 ഹൈക്കോടതി വിധി ലംഘിച്ചതിന്റെ പേരിൽ സെക്രട്ടറി കോടതിയലക്ഷ്യ നടപടി നേരിട്ടു. അഭിഭാഷകന് നൽകിയ ഫീസ് 15,000/- നിരാകരിക്കുന്നു.

പായിപ്ര ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന കരിങ്കൽക്വാറികൾക്കെതിരെ ശ്രീ.എ.വൈ.വർഗീസ് മുതൽ 4 പേർ ഹർജിക്കാരായി സ്റ്റേറ്റ് എൻവിയൺമെന്റ് ഇംപാക്ട് അസ്സസ് മെന്റ് അതോറിറ്റി മുതൽ 19 പേരെ എതിർ കക്ഷികളാക്കി WP(C) 16069/2017 നമ്പർ ഹർജി ബഹു. കേരള ഹൈക്കോടതി മുമ്പാകെ 15.06.2017 തീയതി ഫയൽ ചെയ്തിരുന്നു.
ടി ഹർജിയിൽ 5-ാം എതിർ കക്ഷി പായിപ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ്. സംസ്ഥാന ചീഫ് സെക്രട്ടറിയേയും സംസ്ഥാന വ്യവസായ സെക്രട്ടറിയേയും 20-ഉം, 21-ഉം എതിർ കക്ഷികളായി സ്വമേധയ ഉൾപ്പെടുത്തിയിരുന്നു.

WP(C) 16069/2017 നമ്പർ ഹർജിയിൽ ഫയൽ ചെയ്തിരുന്ന I.A.18380/2017 നമ്പർ ഉപഹർജിയിൽ (കമ്മീഷൻ അപേക്ഷ) ബഹു. കേരള ഹൈക്കോടതി അഡ്വക്കേറ്റ് കമ്മീഷണറെ നിയോഗിച്ച് 22.11.2017-ൽ ഉത്തരവിട്ടിരുന്നു. മേൽ ഉപഹർജിയിൽ ഹൈക്കോടതി സിംഗിൾ ബെഞ്ച് പുറപ്പെടുവിച്ച ഉത്തരവിനെതിരെ WP(C) 16069/2017 നമ്പർ ഹർജ്ജിയിലെ ക്വാറി നടത്തിപ്പുകാരായ 3 എതിർകക്ഷികൾ WA No.2589/2017, WA No

2590/2017, WA No2591/2017 എന്നീ നമ്പർ റിട്ട് അപ്പീലുകൾ ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ചിൽ ഫയൽ ചെയ്തിരുന്നു. പായിപ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറി ടി മൂന്നു റിട്ട് അപ്പീലുകളിലും 9-ാം എതിർ കക്ഷിയായിരുന്നു. WP(C) 16069/2017 നമ്പർ ഹർജിയിലെ എതിർ കക്ഷികളായ പായിപ്ര ഗ്രാമപഞ്ചായത്തിനോടും സർക്കാർ ഒഫീഷ്യലുകളായ എതിർ കക്ഷികളോടും 4 ആഴ്ചക്കുള്ളിൽ എതിർ സത്യവാങ്മൂലം സമർപ്പിക്കണമെന്ന് നിഷ്കർഷിച്ച് I.A.18380/2017 നമ്പർ ഉപഹർജിയിലെ ഉത്തരവിനെതിരെ ഫയൽ ചെയ്ത 3 റിട്ട് അപ്പീലുകളും ചീഫ് ജസ്റ്റീസ് ഉൾപ്പെട്ട ഡിവിഷൻബെഞ്ച് 25.06.2018-ൽ തീർപ്പാക്കിയിരുന്നതുമാണ്.

ബഹു.ഹൈക്കോടതി ഡിവിഷൻ ബെഞ്ച് നിഷ്കർഷിച്ച 4 ആഴ്ച സമയപരിധിക്കുള്ളിൽ WP(C) 16069/2017 നമ്പർ ഹർജിയിൽ പായിപ്ര ഗ്രാമപഞ്ചായത്ത് എതിർ സത്യവാങ്മൂലം സമർപ്പിച്ചിരുന്നില്ല. 4 മാസം കഴിഞ്ഞിട്ടും പായിപ്ര ഗ്രാമപഞ്ചായത്തും സർക്കാർ ഒഫീഷ്യൽസുകളും എതിർ സത്യവാങ്മൂലം സമർപ്പിക്കാതിരുന്നതിനാൽ സർക്കാർ ഒഫീഷ്യൽസുകളെയും പായിപ്ര ഗ്രാമപഞ്ചായത് സെക്രട്ടറിയേയും എതിർ കക്ഷികളാക്കി Con.Case(c).No.2080/2018 നമ്പരായി കോടതിയലക്ഷ്യ ഹർജി WP(C) 16069 / 2017 നമ്പർ ഹർജിയിലെ ഹർജിക്കാർ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്നതും ചീഫ് ജസ്റ്റീസ് ഉൾപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബെഞ്ച് എതിർകക്ഷികൾക്ക് നോട്ടീസ് നൽകിയിരുന്നതുമാണ്. കോടതിയലക്ഷ്യ ഹർജിയിൽ നോട്ടീസ് കൈപ്പറ്റിയ പായിപ്ര ഗ്രാമപഞ്ചായത്തിന്റെ സ്റ്റാന്റിംഗ് കൌൺസൽ അഡ്വക്കേറ്റ് സി.എ നവാസിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കെതിരായ കോടതിയലക്ഷ്യ കേസിൽ കോടതിയിൽ ഹാജരായതിനും എതിർ സത്യവാങ്മൂലം സമർപ്പിച്ചതിനും വൌച്ചർ നമ്പർ 1029/21-02-2019 പ്രകാരം 15,000/-രൂപ ഫീസ് നൽകിയിട്ടുണ്ട്.

WP(C) 16069/2017 നമ്പർ ഹർജിയിൽ പായിപ്രഗ്രാമപഞ്ചായത്തിനു വേണ്ടി അന്നത്തെ സെക്രട്ടറി ശ്രീ. ജിനേഷ് 14.06.2017-ൽ നൽകിയ എതിർ സത്യവാങ്മൂലം അഡ്വക്കേറ്റ് നവാസ് സി.എ സാക്ഷ്യപ്പെടുത്തി 15.06.2017-ൽ കോടതിയിൽ സമർപ്പിച്ച എതിർ സത്യവാങ്മൂലത്തിന്റെ ഫോട്ടോകോപ്പി കേസ് ഫയലിൽ നിന്നും ലഭ്യമായിട്ടുണ്ട്. ഫയൽ സൂക്ഷ്മമായി പരിശോധിച്ചതിൽ ഫയലിൽ നിന്നും ലഭിച്ച സത്യവാങ്മൂലത്തിന്റെ അസ്സൽ കോടതിയിൽ സമർപ്പിച്ചിട്ടില്ലായെല്ലായെന്ന് വ്യക്തമായിട്ടുള്ളതാണ്. 25.06.2018-ൽ ഹൈക്കോടതി ഡിവിഷൻബെഞ്ച് പുറപ്പെടുവിച്ച വിധിന്യായത്തിൽ ഉത്തരവാദപ്പെട്ട ഗ്രാമപഞ്ചായത്ത് ടി ഹർജിയിൽ എതിർ സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ലായെന്ന് വ്യക്തമാക്കിയിട്ടുള്ളതുമാണ്. കോടതിയിൽ സമർപ്പിക്കാതെ കോടതിയിൽ സമർപ്പിച്ചു എന്നു പരിശോധനയിൽ വ്യക്തമാകുന്ന എതിർ സത്യവാങ്മൂലം കേസ് ഫയലിൽ വന്നതിനെ കുറിച്ചും, കോടതി നിർഷ്കർഷിച്ച സമയത്തിനുള്ളിൽ എതിർസത്യവാങ്മൂലം സമർപ്പിക്കാതിരുന്നതിനെ കുറിച്ചും , കോടതി വിധി അംഗീകരിക്കാത്തതിന്റെ പേരിൽ കോടതിയലക്ഷ്യ നടപടികൾ നേരിടേണ്ടിവന്ന സെക്രട്ടറിക്കു വേണ്ടി ഗ്രാമപഞ്ചായത്തു ഫണ്ടിൽ നിന്നും 15,000/-രൂപ അഡ്വക്കേറ്റ് ഫീസ് നൽകിയതിനും വിശദീകരണം ആവശ്യപ്പെട്ടു ഓഡിറ്റ് എൻക്വയറി (നം.7/27.08.2019) നൽകിയിരുന്നെങ്കിലും

ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.കോടതി വിധി അംഗീകരിക്കാതെ യഥാസമയം എതിർ സത്യവാങ്മൂലം സമർപ്പിക്കാതെ കോടതിയലക്ഷ്യ നടപടികൾ നേരിടേണ്ടിവന്ന സെക്രട്ടറിക്കു വേണ്ടി ഗ്രാമപഞ്ചായത്തു ഫണ്ടിൽ നിന്നും 15,000/-രൂപ അഡ്വക്കേറ്റ് ഫീസ് നൽകിയതു് ഓഡിറ്റ് നിരാകരിക്കുന്നു.

ടി തുക ഗ്രാമപഞ്ചായത്തിനു വേണ്ടി എതിർ സത്യവാങ്മൂലം കോടതിയിൽ ഫയൽ ചെയ്യാതെ 15.06.2017-ൽ കോടതിൽ ഫയൽ ചെയ്തതായി കാണിക്കുന്ന സത്യവാങ് മൂലത്തിന്റെ ഫോട്ടോകോപ്പി ഗ്രാമപഞ്ചായത്തിന് നൽകിയ അഡ്വക്കേറ്റ് സി.എ നവാസിൽ നിന്നോ 25.06.2018-ലെ ഹൈക്കോടതി വിധി പ്രകാരം യഥാസമയം എതിർസത്യവാങ്മൂലം ഫയൽ ചെയ്യാൻ നടപടി സ്വീകരിക്കാതിരുന്ന സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-2 ലീഗൽ ഫീസ് അധികം നൽകി.

WP(C) 16069/2017 നമ്പർ ഹർജിയിൽ ഫയൽ ചെയ്തിരുന്ന I.A 18380/2017 നമ്പർ ഉപഹർജിയിൽ (കമ്മീഷൻ അപേക്ഷ) ബഹു. കേരള ഹൈക്കോടതി അഡ്വക്കേറ്റ് കമ്മീഷണറെ നിയോഗിച്ച് 22.11.2017 ൽ ഉത്തരവിട്ടിരുന്നു. മേൽ ഉപഹർജിയിൽ ഹൈക്കോടതി സിംഗിൾ ബെഞ്ച് പുറപ്പെടുവിച്ച ഉത്തരവിനെതിരെ WP(C) 16069/2017 നമ്പർ ഹർജിയിലെ ക്വാറി നടത്തിപ്പുകാരായ 3 എതിർകക്ഷികൾ WP(C) No. 2589/2017, WA No. 2590/2017, WA No. 2591/2017 എന്നീ നമ്പർ റിട്ട് അപ്പീലുകൾ ബഹു. ഹൈക്കോടതി ഡിവിഷൻ ബെഞ്ചിൽ ഫയൽ ചെയ്തിരുന്നു. പായിപ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറി ടി മൂന്ന് റിട്ട് അപ്പീലുകളിലും 9-ാം എതിർ കക്ഷിയായിരുന്നു. ടി 3 റിട്ട് അപ്പീലുകൾ കോടതി ഒരേ ദിവസം ഒരുമിച്ചാണ് പരിഗണിച്ചിരുന്നത്. WP(C) 16069/2017 നമ്പർ പ്രധാന ഹർജിയിലും I.A. 18380/2017 നമ്പർ ഉപഹർജിയിലും 3 റിട്ട് അപ്പീലുകളിലും ഗ്രാമപഞ്ചായത്തിന് വേണ്ടി അഡ്വ. നവാസ് സി.എ ഹാജരായിരുന്നെങ്കിലും എതിർ സത്യവാങ്മൂലം ഫയൽ ചെയ്തിരുന്നില്ല. പായിപ്ര ഗ്രാമപഞ്ചായത്തിനോടും സർക്കാർ ഒഫീഷ്യലുകളായ മറ്റ് എതിർ കക്ഷികളോടും 4 ആഴ്ചക്കുള്ളിൽ എതിർ സത്യവാങ്മൂലം സമർപ്പിക്കണമെന്ന് നിഷ്കർഷിച്ച് I.A. 18380/2017 നമ്പർ ഉപഹർജിയിലെ ഉത്തരവിനെതിരെ ഫയൽ ചെയ്ത 3 റിട്ട് അപ്പീലുകളും ചീഫ് ജസ്റ്റീസ് ഉൾപ്പെട്ട ഡിവിഷൻ ബെഞ്ച് 25.06.2018 ൽ തീർപ്പാക്കിയിരുന്നതുമാണ്. കോടതി ഒരേ ദിവസം ഒരുമിച്ച് പരിഗണിച്ചിരുന്ന ഒരേ സംഗതിയിലുള്ള 3 ഹർജികളിൽ ഹാജരായിരുന്ന അഭിഭാഷകൻ 3 കേസുകൾ നടത്തിയതിന്റെ പരമാവധി ഫീസായ 45,000/- (15000x3= 45000) രൂപയുടെ ബിൽ നൽകുകയും 201800806/24.12.2018 നമ്പർ വൗച്ചർപ്രകാരം ടി തുക അഭിഭാഷകന് നൽകിയിട്ടുണ്ട്. കോടതി ഒരേ ദിവസം ഒരുമിച്ച് പരിഗണിച്ചിരുന്ന ഒരേ സംഗതിയിലുള്ള 3 ഹർജികളിൽ ഹാജരായിരുന്ന അഭിഭാഷകൻ 3 കേസുകൾ നടത്തിയതായി കണക്കാക്കി നൽകിയ 45,000/- ഫീസിൽ 30,000/- രൂപ ഓഡിറ്റ് അംഗീകരിക്കുന്നില്ല. അധികമായി നൽകിയ തുക ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 ശൂലംകുഴി വനിതാ വ്യവസായ കേന്ദ്രം - വിശ്രമ മുറി സജ്ജീകരണം-ടെലിവിഷൻ വാങ്ങിയത് -69750/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു

പ്രൊജക്റ്റ് നമ്പർ -SO 481/ 19

അടങ്കൽ തുക-70000/-

ചെലവ് - 69750/ -

നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി

ചെക്ക് നം . 530784/ 28.02.2019

പദ്ധതി പ്രകാരം മൂവാറ്റുപുഴ മൊബൈൽ വേൾഡ് എന്ന സ്ഥാപനത്തിൽ നിന്നും 50 ഇഞ്ച് LED ടെലിവിഷൻ, സ്റ്റെബിലൈസർ എന്നിവ ബിൽ നമ്പർ BC 541/ 28.03.2019 പ്രകാരം വാങ്ങിയിട്ടുണ്ട്. വനിതാ വ്യവസായ കേന്ദ്രത്തിൽ നിലവിൽ നടക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമല്ല. പദ്ധതി നിർദ്ദേശങ്ങളിൽ ഒന്നും ഉൾപ്പെടാത്ത ടെലിവിഷൻ സ്ഥാപിക്കൽ എന്ന പദ്ധതി നടപ്പാക്കിയതിന്റെ ആവശ്യകത വ്യക്തമാക്കിയിട്ടില്ല. വാങ്ങിയ ടെലിവിഷന്റെ ബ്രാൻഡ്, വാറന്റിയുടെ വിവരം എന്നിവ ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ല ( മൊബൈൽ വേൾഡിന്റെ ടെൻഡർ അംഗീകരിച്ച കൊണ്ടുള്ള 28.2.19 ലെ ഭരണസമിതി യോഗത്തിൽ "OTO TV"വാങ്ങുന്നതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്). ടെലിവിഷൻ, സ്റ്റെബിലൈസർ എന്നിവ സ്റ്റോക്കിലെടുത്ത സ്റ്റോക്ക് രജിസ്റ്റർ, വാറന്റി കാർഡ് എന്നിവ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. ടെലിവിഷൻ വ്യവസായ കേന്ദ്രത്തിൽ സ്ഥാപിച്ചതിന്റെ ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് / കേബിൾ കണക്ഷൻ എടുത്തതിന്റെ വിശദാംശങ്ങൾ എന്നിവയും സ്ഥാപനം 5 % സെക്യൂരിറ്റി ഡിപ്പോസിറ്റ് അടച്ചതിന്റെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾ സംബന്ധിച്ച് 28.8.19ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. നിലവിൽ പ്രവർത്തനങ്ങൾ ഒന്നും നടക്കാത്ത വനിതാ വ്യവസായ കേന്ദ്രത്തിൽ ടെലിവിഷൻ സ്ഥാപിച്ചതിന്റെ ആവശ്യകത വ്യക്തമാക്കിയിട്ടില്ലാത്തതിനാലും, ടെലിവിഷൻ വാങ്ങിയതിന്റെയും ഇൻസ്റ്റലേഷൻ നടത്തിയതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കാത്തതിനാലും 69750/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-4 പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിലെ മണ്ണ് ലേലം ചെയ്തു നീക്കിയത് -പഞ്ചായത്തിനു ഫണ്ടിന് നഷ്ടം- വിശദമായ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു.

പഞ്ചായത്ത് വിട്ടു നൽകിയ സ്ഥലത്ത് മുളവൂർ സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിനും പഞ്ചായത്ത് ഓഫീസിലും സമീപ ഓഫീസുകളിലും വരുന്ന വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യം ഒരുക്കുന്നതിനുമായും പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ നിന്നും, മണ്ണ് നീക്കം ചെയ്ത് നിരപ്പാക്കുന്നതിന് പഞ്ചായത്ത് തീരുമാനം എടുത്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഓഫീസിന് സമീപത്തുനിന്നും 10067.753 ക്യൂബിക് മീറ്റർ

(20,000 മെട്രിക് ടൺ)മണ്ണ് നീക്കം ചെയ്ത് അലി പി എം എന്നയാൾക്ക് ലേലം ചെയ്ത് നൽകി . ലേലവുമായി ബന്ധപ്പെട്ട് പഞ്ചായത്തിന് നഷ്ടം സംഭവിച്ചതായും അധിക ചെലവ് ഉണ്ടായതായും ഓഡിറ്റിൽ വിലയിരുത്തുന്നു. ഇതുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. മണ്ണ് നീക്കം ചെയ്യുന്നതിനായി റവന്യൂ വകുപ്പിൽ അടയ്ക്കേണ്ട സീനിയറേജ് തുകയായ 10ലക്ഷം രൂപ ഒഴിവാക്കി ലഭിക്കുന്നതിനായി ലാൻറ് റവന്യൂ കമ്മീഷണറോട് അഭ്യർത്ഥിക്കുവാൻ 27.2.18 ൽ ഭരണ സമിതി തീരുമാനം എടുത്തെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. പകരം 10 ലക്ഷം രൂപ 9.8.18 ൽ മൂവാറ്റുപുഴ താലൂക്ക് ഓഫീസിൽ ഒടുക്കി.റവന്യൂ വകുപ്പിനു കീഴിൽ വരുന്ന വില്ലേജ് ഓഫീസ് നിർമ്മാണത്തിനായി നീക്കം ചെയ്ത മണ്ണിന്റെ സീനിയറേജും ഇതിൽ പെടുന്നു. പ്രധാനമായും സർക്കാർ സ്ഥാപനമായ വില്ലേജ് ഓഫീസ് നിർമ്മാണത്തിനായിട്ടാണ് മണ്ണ് നീക്കം ചെയ്യേണ്ടിവന്നതെന്ന വസ്തുത ചൂണ്ടിക്കാട്ടി ലാൻറ് റവന്യൂ കമ്മീഷണർ മുഖേന സർക്കാരിനെ സമീപിച്ചിരുന്നുവെങ്കിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനം എന്ന നിലയിൽ സീനിയറേജ് ഒഴിവാക്കി നൽകുവാൻ സാദ്ധ്യതയുണ്ടായിരുന്നു. ഇപ്രകാരം ചെയ്യാതിരുന്നതു മൂലംപഞ്ചായത്ത് ഫണ്ടിന് വൻ തുക നഷ്ടം വന്നു.
2. ലേലത്തിൽ പങ്കെടുത്തവർ നിരതദ്രവ്യം ഒടുക്കിയതിന്റെ വിശദാംശങ്ങളും വിളിച്ച തുകയും ലേല ഡയറിയിൽ രേഖപ്പെടുത്തിയിട്ടില്ല. ലേലം വിളിച്ച അലി.പി.എം,പുതിയേടത്ത്,മുടവൂർ എന്ന വ്യക്തി സെക്യൂരിറ്റി നിക്ഷേപം, ലേല തുക എന്നിവ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയ രസീതുകളും ബന്ധപ്പെട്ട ലെഡ്ജറുകളുടെ പകർപ്പുകളും പരിശോധനയ്ക്കായി ഹാജരാക്കിയില്ല. ജി.എസ്.ടി ഈടാക്കിയതിന്റെ രേഖകളും ഫയലിൽ ഇല്ല.
3. ലേല പരസ്യത്തിലെ നിബന്ധന 4 പ്രകാരം, ക്വോട്ട് ചെയ്ത ലേല തുകയുടെ 18% GST ലേലം ലഭിക്കുന്നയാൾ അടവാക്കണമെന്നാണ്. എന്നാൽ അലി.പി.എം ക്വോട്ട് ചെയ്ത തുകയായ 17,27,374/- രൂപ 18% GST ഉൾപ്പെടെയുള്ള തുകയായി കണക്കാക്കിയാണ് ലേലത്തിൽ അംഗീകരിച്ചത്. 18% GST തുക 2,63,498/- രൂപയാണ്.ഇതു കുറവു ചെയ്യുമ്പോൾ 14,63,876/- രൂപ മാത്രമേ മണ്ണിനു വില വന്നിട്ടുള്ളൂ. ലേലത്തിൽ അടിസ്ഥാന വില നിശ്ചയിച്ചത് 14,38,200/-രൂപയാണ്. 25,676/- രൂപ മാത്രമേ അടിസ്ഥാന വിലയേക്കാൾ അധികമായി ഇവിടെ പഞ്ചായത്തിനു ലഭിച്ചുള്ളൂ.
4. കൂടാതെ 10 ലക്ഷം രൂപ സീനിയറേജ് അടവാക്കിയതും ലേല തുകയിൽ നിന്നു കുറവു വന്നു. സീനിയറേജ് അടവാക്കിയതു കൂടാതെ ലേല നിബന്ധനയിൽ മേൽപ്പറഞ്ഞതു പ്രകാരം മാറ്റം വരുത്തിയതു മൂലവും പഞ്ചായത്ത് ഫണ്ടിനു നഷ്ടം സംഭവിച്ചു. മണ്ണിനു കൂടുതൽ തുക ലഭിക്കുന്നതിനായി പുനർ ലേലം നടത്തുകയും ചെയ്തില്ല.
5. നീക്കം ചെയ്യേണ്ട മണ്ണിന്റെ ഇനിഷ്യൽ ലെവൽ കണക്കാക്കിയ level field book അസിസ്റ്റന്റ് എൻജിനീയർ സാക്ഷ്യപ്പെടുത്തിയത് പരിശോധനയ്ക്കായി ഹാജരാക്കിയില്ല.
6. നീക്കം ചെയ്ത മണ്ണിന്റെ അളവ് അസി.എൻജിനീയർ തയ്യാറാക്കിയ ഫൈനൽ ലെവലിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് പെരുമ്പാവൂർ എം.സി.റോഡിലുള്ള

Surveyors എന്ന സ്ഥാപനം തയ്യാറാക്കിയ final survey report അസി.എൻജിനീയർ സാക്ഷ്യപ്പെടുത്തി ഹാജരാക്കിയത് ഫയലിലുണ്ട്.എന്നാൽ മണ്ണെടുപ്പിനു ശേഷമുള്ള final survey report തയ്യാറാക്കുന്നതിന് S&S ബിൽഡിംഗ് പ്ളാൻ &സർവ്വേയേഴ്സ്, പേഴയ്ക്കാപ്പള്ളി, മൂവാറ്റുപുഴ എന്ന സ്ഥാപനത്തിന് ചെക്ക് നമ്പർ 530707 തീ.16.2.19 പ്രകാരം 16500/-രൂപ നൽകി.അസി.എൻജിനീയർ final survey report തയ്യാറാക്കി നൽകിയിട്ടും വീണ്ടും ഇതേ ആവശ്യത്തിന് തുക നൽകിയത് അധിക ചെലവായതിനാൽ നിരാകരിക്കുന്നു.

7. അസിസ്റ്റന്റ് എൻജിനീയറുടെ അന്തിമ പരിശോധനയിൽ 412 ക്യൂബിക് മീറ്റർ മണ്ണ് അധികം നീക്കം ചെയ്തതായി കണ്ടെത്തിയിട്ടുണ്ട്.അധിക മണ്ണിന്റെ വിലയായി 18054/-രൂപ കണക്കാക്കിയത് ലേല നിബന്ധന പ്രകാരം സെക്യൂരിറ്റി നിക്ഷേപത്തിൽ നിന്നും ഈടാക്കിയിട്ടുണ്ടോയെന്ന് വ്യക്തമല്ല.
8. മണ്ണ് നീക്കം ചെയ്യുന്നതിനായി 2000 പാസുകൾ ആണ് മൈനിംഗ് & ജിയോളജി വകുപ്പ് സെക്രട്ടറിക്ക് നൽകിയത്.പാസുകൾ ഇഷ്യൂ ചെയ്തതിന്റെ വിശദാംശങ്ങൾ, ഉപയോഗിക്കാതെ അവശേഷിച്ച പാസുകൾ മൈനിങ് ആൻഡ് ജിയോളജി വകുപ്പിൽ തിരികെ ഏൽപ്പിച്ചതിന്റെ രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. ഏതിനം വാഹനത്തിൽ ആണ് മണ്ണ് നീക്കം ചെയ്തതെന്നും ടി വാഹനത്തിൽ കയറ്റാവുന്ന മണ്ണിന്റെ പരമാവധി അളവ് എത്രയാണെന്നും വ്യക്തമല്ല. എത്ര ലോഡ് മണ്ണ് നീക്കം ചെയ്തിട്ടുണ്ടെന്നും ഗ്രാമ പഞ്ചായത്ത് പരിശോധിച്ചതായി കാണുന്നില്ല. ഇപ്രകാരം പരിശോധന നടത്തിയിരുന്നുവെങ്കിൽ പഞ്ചായത്ത് കണക്കാക്കിയതിലും അധികം മണ്ണ് കരാറുകാരൻ നീക്കം ചെയ്തോ എന്ന് കൃത്യമായി കണക്കാക്കാമായിരുന്നു. ലേലം ചെയ്യേണ്ട മണ്ണിന്റെ വില നിശ്ചയിക്കാനുള്ള അധികാരം എക്സിക്യൂട്ടീവ് എഞ്ചിനീയർക്കാണെന്നിരിക്കെ പഞ്ചായത്തിലെ അസി . എഞ്ചിനീയർ വില നിശ്ചയിച്ചതിന്റെ കാരണം വ്യക്തമല്ല.

പഞ്ചായത്തിന് മണ്ണു വില്പനയിലൂടെ പറയത്തക്ക വരുമാനം ഒന്നും ലഭിച്ചില്ല. സീനിയറേജ് തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും അടവാക്കിയതിനാലും ക്വാട്ട് ചെയ്ത തുക ജി.എസ്.ടി ഉൾപ്പെടെയുള്ള തുകയായി കണക്കാക്കി ക്വട്ടേഷൻ അംഗീകരിച്ചതു കാരണവുമാണ് പഞ്ചായത്ത് ഫണ്ടിന് നഷ്ടം വന്നത്. മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മണ്ണു വില്പന സംബന്ധിച്ച് വിശദമായ അന്വേഷണത്തിന് ശുപാർശ ചെയ്യുന്നു.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

| വിഹിതം | തുക | ലഭിച്ച | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| നൽകിയ സ്ഥാപനം | ലഭിച്ച വർഷം | തുക | | | |
|---|---|---|---|---|---|
| | 2018-19 | 7,00,000 | 138/18 ലൈഫ് ഭവനം ജനറൽ | 7,00,000 | 0 |
| | 2018-19 | 1,55,000 | 282/18 ക്ഷീരസഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 1,55,000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 2018-19 | 8,00,000 | 138/18 ലൈഫ് ഭവനം -എസ് സി | 3,80,000 | 420000 |
| | 2018-19 | 223552 | 4/18 ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് പ്രത്യേക പഠന സഹായം | 223552 | 0 |
| | 2018-19 | 1,25,000 | 144/18 സാന്ത്വന പരിചരണം | 0 | 1,25,000 |
| | 2018-19 | 42500 | 418/18 പച്ചക്കറികൃഷി കൂലിച്ചെലവ് | 42500 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 33,00,000 | ലൈഫ് ഭവനം ജനറൽ | 33,00,000 | 0 |
| ,, | 2018-19 | 3,00,000 | ലൈഫ് ഭവനം -എസ് സി | 3,00,000 | 0 |
| ,, | 2018-19 | 99900 | ക്ഷീരസഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 99900 | 0 |
| ,, | 2018-19 | 900000 | പാറ്റായി പുന്നേപ്പടി ലിഫ്റ്റ് ഇറിഗേഷൻ | 900000 | 0 |
| ,, | 2018-19 | 800000 | മുടവൂർ ലിഫ്റ്റ് ഇറിഗേഷൻ | 800000 | 0 |
| ,, | 2018-19 | 300000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് പ്രത്യേക പഠന സഹായം | 300000 | 0 |
| ,, | 2018-19 | 144058 | സമഗ്ര നെൽകൃഷി വികസനം | 144058 | 0 |
| ,, | 2018-19 | 8,00,000 | തൃക്കളത്തൂർ പള്ളിച്ചിറ ലിഫ്റ്റ് ഇറിഗേഷൻ | 8,00,000 | 0 |

# 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നമ്പർ | സ്ഥാപനം | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാലൻസ് | |
|---|---|---|---|---|---|---|---|
| 1 | കേരള വാട്ടർ അതോറിറ്റി | 59/19 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21801262, 12.06.18 | 150000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | | സുധീർ ബി |
| 2 | | 58/19പൈപ്പ് ലൈൻ | 21801265, 21.06.18 | 300000 | വിനിയോഗ സാക്ഷ്യപത്രം | | സുധീർ ബി |

| | | | | | | | |
|---|---|---|---|---|---|---|---|
| | | എക്സ്റ്റൻഷൻ | | | ലഭ്യമായിട്ടില്ല | | |
| 3 | | 56/19പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21801060, 06.08.18 | 150000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | | വി.കെ. സുഭാഷ് |
| 4 | | 465/19പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21801342, 30.10.18 | 335092 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | | ശ്രീലത ജി. |
| 5 | | 465/19പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21800626, 01.11.18 | 669989 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | | ശ്രീലത.ജി |
| 6 | | 465/19പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21800944, 22.01.19 | 99936 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | | ഷാജിമോൻ കാവു |
| 7 | | 469/19പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21801133, 28.02.19 | 550000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | | ,, |
| 8 | | 468/19പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21801195, 12.03.19 | 100000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | | ,, |
| 9 | | 57/19പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21801565, 28.01.19 | 200000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | | ,, |
| 10 | | 467/19പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21801088, 21.02.19 | 70000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | | ,, |
| 11 | | 500/19പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21801127, 28.02.19 | 75000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | | ,, |
| | | ആകെ | | 27,00,017 | | | |
| 12 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 184/19 ചാരപ്പാടി കരിശ്ശുംപടി റോഡിൽ സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ | 21801261, 25.05.18 | 34000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | | ,, |
| 13 | | 442/19പാറ്റായി പുന്നേപ്പടി റോഡ് ലിഫ്റ്റ് ഇറിഗേഷൻ | 21801337, 17.10.18 | 419454 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | | ,, |
| 14 | | 480/19പുന്നേപ്പടി വീട്ടൂർ റോഡിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 21800959, 01.02.19 | 204041 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | | ,, |
| 15 | | 512/19അങ്കണ വാടി നം.65ന് വൈദ്യുതി കണക്ഷൻ | 21801587, 16.03.19 21801512, 28.03.19 | 65000 1846 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | | ,, |
| | | | ആകെ | 724341 | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഈയിനത്തിൽ തൻവർഷം തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് - ഭവന പദ്ധതി | GO(MS) No. 68/18/lsgd തീ.18.05.2018 | 4845127 | 0 | - | - | 4845127 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന നിക്ഷേപം | 0 |
| തൻവർഷം നിക്ഷേപിച്ച തുക | 14000000 |
| പലിശ ലഭിച്ചത് | 72300 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 14072300 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ബാങ്ക് | നിക്ഷേപിച്ച തീയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | പേഴക്കാപ്പിള്ളി സർവീസ് സഹകരണ ബാങ്ക് | 16.07.18 | 1 വർഷം | 6000000 | |
| 2 | മൂവാറ്റുപുഴ അഗ്രികൾച്ചർ കോ ഓപ്പറേറ്റീവ് ബാങ്ക് | 30.10.18 | 6 മാസം | 4000000 | |
| 3 | പേഴക്കാപ്പിള്ളി റൂറൽ കോ ഓപ്പറേറ്റീവ് ബാങ്ക് | 22.11.18 | 91 ദിവസം | 4000000 | പലിശയിനത്തിൽ ലഭിച്ച 72,300/- രൂപ ഉൾപ്പെടെ 21.02.18ൽ പുതുക്കി നിക്ഷേപിച്ചു |
| | ആകെ | | | 14000000 | 14072300 |

# 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപേരും | രസീത് നമ്പർ /തീയതി |
|---|---|---|---|---|
| 2017-18 | 2-1(13) | 1701/- | ലഭ്യമല്ല | 118010108414/ 08.02.2019 |
| | | 1899/- | ” | 118010108415/ 08.02.2019 |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 1-5<br>1-6<br>1-10 | 2011-12 | 3.1.23 | ആസ്തി രജിസ്റ്റർ പൂർണ്ണമായി സൂക്ഷിച്ചിട്ടില്ല, കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കിയിട്ടില്ല, റോഡുകളിൽ കിലോമീറ്റർ ഹെക്ടോ മീറ്റർ /കല്ലുകൾ സ്ഥാപിച്ചിട്ടില്ല | 90 റോഡുകളിൽ നെയിം ബോർഡുകളും കിലോമീറ്റർ / ഹെക്ടോ മീറ്റർ കല്ലുകളും സ്ഥാപിച്ചു. |

# 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | വാർഷിക റിപ്പോർട്ട് | ഖണ്ഡിക നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയത്, (സ്ഥലം, തീയതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാദ്ധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| ഇല്ല | | | | | | | | | | | | |

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | വാർഷിക റിപ്പോർട്ട് | ഖണ്ഡിക നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയത്, (സ്ഥലം, തീയതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാദ്ധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| ഇല്ല | | | | | | | | | | | | |

# 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 143219425 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 152970150 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 131250 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 548103 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | -- | 15000 | വി.കെ. സുഭാഷ്, സെക്രട്ടറി |
| 3-2 | -- | 30000 | വി.കെ. സുഭാഷ്, സെക്രട്ടറി |
| 3-3 | -- | 69750 | ഷാജിമോൻ കാവു, സെക്രട്ടറി |
| 3-4 | -- | 16500 | ഷാജിമോൻ കാവു, സെക്രട്ടറി |
| ആകെ | | 131250 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 54850 | ശ്രീ. ബെന്നി തോമസ്<br>ഹെഡ്മാസ്റ്റർ, ഗവ. എൽ.പി സ്കൂൾ, തൃക്കളത്തൂർ |
| 1-33 (1)എ | 55305 | ഡോ. ലീന പോൾ, വെറ്ററിനറി സർജൻ |
| 1-33 (1) ബി | 108053 | ഡോ. അരുൺ ബി.ആർ, മെഡിക്കൽ ഓഫീസർ,പി.എച്ച്.സി, പായിപ്ര |
| 1-33 (1) സി | 55305 | ജിതിൻ കെ. മങ്ങാട്ട്, വി.ഇ.ഒ, പായിപ്ര |
| 1-33 (2) | 274590 | വി.കെ. സുഭാഷ്, സെക്രട്ടറി |
| തടസ്സപ്പെടുത്തിയ ആകെ തുക | 5,48,103 | |

(സി) <u>കേന്ദ്ര സർക്കാരിനുണ്ടായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-5 | 1358 | ഷാജിമോൻ കാവു, സെക്രട്ടറി |
| 3-4 | 5336 | ഷാജിമോൻ കാവു, സെക്രട്ടറി |

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഷാജിമോൻ കാവു, സെക്രട്ടറി | സെക്രട്ടറി,<br>പായിപ്ര ഗ്രാമപഞ്ചായത്ത് | പഴമ്പിള്ളിൽ,<br>മരട് പി.ഒ,<br>മരട് – 682604 |
| വി.കെ. സുഭാഷ്, സെക്രട്ടറി, | സേവനത്തിൽ നിന്നും വിരമിച്ച | വടക്കേൽ,<br>ആശ്രമം ടോപ്പ്,<br>മൂവാറ്റുപുഴ<br>പിൻ. 686661 |

# 4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ഇ.പി (5) 770/97 തീയതി 08.01.99 |
| 1998-99 | എൽ.എഫ്.ഇ.പി (5) 846/02 തീയതി 07.01.2003 |

| | |
|---|---|
| 1990-00<br>2001-02 | എൽ.എഫ്.ഇ.പി (1) 704/03 തീയതി 02.07.2004 |
| 2002-03 | എൽ.എഫ്.ഇ.പി (5) 1306/06 തീയതി 29.4.2008 |
| 2003-04 | എൽ.എഫ്.ഇ.പി (5) 7/2009 തീയതി 15.10.2009 |
| 2004-05 | എൽ.എഫ്.ഇ.പി (5) 8/09 തീയതി 15.10.2009 |
| 2007-08 | എൽ.എഫ്.ഇ.പി (5) 31/12 തീയതി 01.03.12 |
| 2009-10 | എൽ.എഫ്.ഇ.പി (5) 370/11 തീയതി 27.02.12 |
| 2008-09<br>2010-11<br>2011-12 | എൽ.എഫ്.ഇ.പി (5) 2082/12 തീയതി 08.01.13 |
| 2012-13 | എൽ.എഫ്.ഇ.പി (8) 2126/13 തീയതി 25.11.13 /04.12.13 |
| 2013-14<br>2014-15 | എൽ.എഫ്.ഇ.പി (8) 1122/15 തീയതി 27.07.15 /17.08.15 |
| 2015-16 | കെ എസ് എ -ഇ കെ എം(പി 8)1972/2016<br>തീയതി 08.12.16/10.01.17 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം(പി.8)1267/17 തീയതി<br>16-09-17/17-10-17 |
| 2017-18 | കെ.എസ്.എ.ഇ.കെ.എം(പി.8)2059/18തീയതി<br>22.03.2019 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുവാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

# <u>അനുബന്ധം.1</u> <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

**<u>ഓഡിറ്റ് സാക്ഷ്യപത്രം</u>**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **പായിപ്ര** ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധം കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

**<u>അനുബന്ധം-2</u>**

അപാകതകളുടെ സംഗ്രഹം

1. ഭൂമിയുൾപ്പെടെയുള്ള ആസ്തികളുടെ നിർണ്ണയം നടത്തി ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ . ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

2. തൊഴിലുറപ്പ് പദ്ധതി ഭരണ ചെലവ് തുകകൾ AFS പ്രകാരമുള്ളത് (മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് ) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

3. അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ല.

4. പ്യൂരിഫിക്കേഷന് ശേഷം വസ്തുനികുതി ഡിമാൻഡിൽ വന്ന വ്യത്യാസത്തിന്റെ (I-18, prior period items) വിശദാംശങ്ങൾ ഹാജരാക്കിയില്ല.

6. ബാലൻസ് ഷീറ്റിൽ Vehicle എന്ന ഹെഡ്ഡിലെ മൂല്യം 4,56,301/- രൂപയാണ്. എന്നാൽ ആയതിന്റെ ഡിപ്രിസിയേഷൻ തുക 6,04,598/- രൂപയാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

## AUDIT CERTIFICATE

Certified that I have examined the Annual Financial Statement of **PAIPRA** Grama Panchayat in Ernakulam District for the year ended on 31.03.2019 in accordance with Section '4' of the Kerala Local Fund Audit Act 1994, Section 215(6) of the Kerala Panchayat Raj Act 1994, Rule 64 of Kerala Panchayat Raj Accounting rule 2011, and the guidelines issued by the Comptroller and Auditor General of India for the purpose of Certification of Accounts of Panchayat Raj Institutions, and the instructions vide G.O.(Rt)1413/2018/LSGD dated 22/05/2018.

In my opinion the Annual Financial Statement of PAIPRA Grama Panchayat for the year 2018-19 subject to the observations appended properly presents the picture of income, expenditure and closing balance.

DEPUTY DIRECTOR

## Abstract of defects

1. Assets including Land are not valued completely and entered in Asset Register and included in balance sheet.

2. The figures of NREGAS Administrative Expenses shown in the Receipt and Payment schedules of the AFS are not reconciling each other.

3. Notes on Accounting policies and Basic Ratios are not enclosed with the AFS.

4. The details of changes made in the demand of Property Tax (I-18 Prior Period item), after the purification process of Property Tax has not produced for verification.

6. The value of the asset recorded in the head 'Vehicles' is ₹456301/-. But the depreciation shown against that head is ₹ 604598/-.

DEPUTY DIRECTOR